# RAJASEKHARAN T V

ശംഭോ മഹാദേവ 🙏

ഹര ഹര ശങ്കര 🙏

നന്ദി 🙏 നന്ദി 🙏

എന്റെ ഈ ജന്മത്തിലെ സ്വപ്ന സാക്ഷാൽക്കാരത്തിനു നന്ദി 🙏

കൈലാസം എന്നെ എപ്പോഴും മാടി വിളിച്ച കൊണ്ടിരുന്നു. ഒരു പാട് യാത്രാവിവരണങ്ങൾ വായിച്ചിട്ടുണ്ട്, എങ്കിലും, തപോവന സ്വാമികളുടെ "ഹിമഗിരി വിഹാരം "എന്റെ മനസ്സിൽ ആഴത്തിൽ വേരോടി. അവസരം കിട്ടിയാൽ പോകണം, പരിക്രമണം നടത്തി വരണം, എന്നൊരു, ഉത്കടമായ ആഗ്രഹം ഉള്ളിൽ വന്നു കൊണ്ടേയിരുന്നു. ആ ആഗ്രഹ സഫലീകരണത്തിന് കുറെ കാലം കാത്തിരിക്കേണ്ടി വന്നു. ദൈവ നിശ്ചയം ആണ് എന്ന് കരുതുന്നു. ആദ്യം അവസരം കിട്ടിയത് "ആദി കൈലാസം "സന്ദർശനം നടത്താൻ ആണ്. പിന്നീട് തുംഗനാഥ് പോകാൻ പറ്റി. ഈ വർഷം "മുക്തിനാഥിലും". കൂടുതൽ കൂടുതൽ ഉയരങ്ങളിൽ സഞ്ചരിക്കുമ്പോൾ, എന്റെ ശരീരം എങ്ങനെ പ്രതികരിക്കുന്നു, എന്ന് എന്നെ ബോധ്യപ്പെടുത്താൻ ആവും എന്ന് ഞാൻ വിശ്വസിക്കുന്നു, മഹാദേവനും ഗുരുവായൂരപ്പനും, എന്നെ ഈ സ്ഥലങ്ങൾ സന്ദർശിക്കാൻ പറഞ്ഞയച്ചത്. ഇനി കൈലാസ സന്ദർശനം നടത്താൻ പാകമാണ് എന്ന് അവർക്ക് തോന്നിക്കാണും. അത് കൊണ്ടാണ് വിളി വന്നത്.

കൊറോണ വന്നതോടെ ഇന്ത്യൻ പാസ്പോർട്ട് ഉള്ളവർക്ക് ചൈന, കൈലാസ സന്ദർശനം നടത്തുവാൻ അനുമതി നൽകിയിരുന്നില്ല. ഇന്ത്യ ചൈന ബന്ധം ഒട്ടും തൃപ്തികരവും അല്ലായിരുന്നത് കൊണ്ട്, കൈലാസ സന്ദർശനം ഒരു മോഹം മാത്രമായി അവശേഷിക്കും എന്നാണ് കരുതിയത്. പക്ഷെ കാർമേഘം തെളിഞ്ഞു സൂര്യപ്രകാശം വരുന്നത് പോലെ, കൈലാസ സന്ദർശനം യാഥാർഥ്യം ആവാനുള്ള സാധ്യത കൂടി കൂടി വന്നു. അങ്ങനെ ആ സ്വപ്നം യാഥാർഥ്യം ആയി. യോഗി ട്രെയിൽസിന്റെ സാരഥികൾ ആയ ശ്രീജിത്തിനെയും, സുഭാഷിനെയും, എന്നും ഓർമിപ്പിച്ചുകൊണ്ടിരുന്നു. അനുമതി കിട്ടിയാൽ രണ്ടു സീറ്റ് ഉറപ്പിച്ചോളൂ. മുന്നൊരുക്കങ്ങൾ എല്ലാം നേരത്തെ തന്നെ ചെയ്തിരുന്നു. കോട്ട്, ഷൂ, ഗ്ലോവ്സ്, കൂളിംഗ് ഗ്ലാസ്, ബാഗ്, ഫ്ലാസ്ക്, മഴക്കോട്ട് മുതലായ എല്ലാ വസ്തുക്കളും നേരത്തെ വാങ്ങി

വെച്ചിട്ടുണ്ട്. എപ്പോഴാണ് പുറപ്പെടേണ്ടി വരിക.... അറിയില്ല, സമയം കിട്ടിയില്ലെങ്കിലോ, ഇതൊക്കെ ആയിരുന്നു ചിന്ത.

ജൂൺ മാസത്തിൽ അറിയിപ്പ് കിട്ടി. ആദ്യ ബാച്ച് ജൂലൈ മാസത്തിൽ പുറപ്പെടുന്നു. പക്ഷെ ലണ്ടനിൽ പോകാൻ ഉള്ളത് കൊണ്ട്, ആ ട്രിപ്പിൽ ഇല്ല. അടുത്ത ട്രിപ്പ് ഉണ്ടെങ്കിൽ സെപ്റ്റംബർ ആദ്യ വാരം ആണെങ്കിൽ തീർച്ചയായും പങ്കെടുക്കാം എന്ന് ശ്രീജിത്തിനെ അറിയിച്ചു. കുറെ കാലത്തിനു ശേഷം നടക്കുന്നതായത് കൊണ്ട്, എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടാവും എന്ന് അറിയില്ല. ജൂലൈയിൽ ആദ്യ ബാച്ച് പോയി വരുമ്പോൾ ഒരു കൃത്യമായ ചിത്രം ലഭിക്കും. അത് കൊണ്ട് സെപ്റ്റംബർ ബാച്ചിൽ പോകാൻ തീരുമാനിച്ചു. ഓഗസ്റ്റ് മാസം ലണ്ടനിൽ നിന്ന് മടങ്ങി വന്ന ശേഷം പാസ്പോർട്ട് ഏൽപ്പിച്ചു. സെപ്റ്റംബർ 5 ന് പുറപ്പെട്ടു 19 ന് തിരിച്ചു എത്തുന്ന തരത്തിൽ പരിപാടി ഉറപ്പിച്ചു. ശ്രീജിത്ത് പെർമിറ്റിന്റെ കോപ്പി അയച്ചു തന്നതിൽ എന്റെ പേര് കണ്ടപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്ത ഒന്നായിരുന്നു. ഇതാ എന്റെ ചിര കാല സ്വപ്നം യാഥാർഥ്യം ആവുന്നു. ഒരു സംശയം ബാക്കി ഉണ്ടായിരുന്നു. നടക്കുമോ മോഹം. ചൈന എപ്പോൾ വേണമെങ്കിലും തീരുമാനം മാറ്റാം.

പരിക്രമണം തുടങ്ങുന്നത് വരെ ഈ സംശയം ഇടക്ക് മനസ്സിൽ പൊന്തി വരും. അപ്പോഴൊക്കെ ആരോ ഉള്ളിൽ നിന്ന് പറയുന്നത് പോലെ തോന്നി "എല്ലാം ഭംഗിയായി നടക്കും. ഒട്ടും വിഷമിക്കേണ്ട ".

അങ്ങനെ ആ ദിവസം വന്നെത്തി. തിരുവോണം ആഘോഷിച്ചു വൈകുന്നേരം 4 മണിക്ക് പുറപ്പെടാം എന്ന് സുഹൃത്തുക്കളായ ഹരിയോടും, ശിവദാസനോടും പറഞ്ഞു. ഹരി കാർ ഏർപ്പാട് ചെയ്തിട്ടുണ്ട്. എന്നെയും ലതയെയും എടുത്തു, ഹരിയെ കൂട്ടി തൃശൂർ വന്നു ശിവദാസനെയും കൂട്ടി എയർപോർട്ടിൽ എത്തുവാൻ ആണ് തീരുമാനിച്ചത്. അമ്പലത്തിൽ പോയി തൊഴുതു വന്നു, യാത്രയുടെ ഒരുക്കങ്ങൾ ഒന്ന് കൂടി പരിശോധിച്ചു ഉറപ്പ് വരുത്തി. പെട്ടെന്നാണ് ശിവദാസന്റെ മെസ്സേജ്. വിമാനം പുറപ്പെടുന്നത് നേരത്തെ ആക്കി. ഉടനെ പുറപ്പെടണം. പിന്നെ എല്ലാം പെട്ടെന്ന് ആയിരുന്നു. ഹരിയെ വിളിച്ചു കാർ വരാൻ പറഞ്ഞു. ഞങ്ങൾ എത്തുമ്പോഴേക്കും റെഡി ആയിരിക്കാൻ ശിവദാസനെയും അറിയിച്ചു.ഭക്ഷണം പൊതിഞ്ഞു കെട്ടി 11 മണിക്ക് തന്നെ പുറപ്പെട്ടു ഒരു മണി ആവുമ്പോഴേക്കും എയർപോർട്ടിൽ എത്തി. അധികം വൈകാതെ മറ്റു സഹ യാത്രികരും എത്തി. 12 പേരാണ് കൊച്ചിയിൽ നിന്ന് യാത്ര തിരിക്കുന്നവർ. ബാക്കി

6 പേരിൽ രണ്ടു പേർ നേരത്തെ തന്നെ നേപ്പാളിൽ ഉണ്ട്. രണ്ടു പേർ അടുത്ത ദിവസം നേപ്പാളിൽ എത്തും. ഒരാൾ ബോംബെ നിന്നും, ഒരാൾ ഗോവയിൽ നിന്നും ഞങ്ങളുടെ കൂടെ കാഠ്മണ്ടുവിൽ എത്തി. ബാംഗ്ലൂർ വൈകുന്നേരം 6 മണിക്ക് എത്തിച്ചേർന്നു. അടുത്ത ദിവസം വെളുപ്പിന് 5.30 നാണ് ഫ്ലൈറ്റ്. അത് വരെ എയർപോർട്ടിൽ ഇരിക്കുക അസാധ്യം. എല്ലാവരും ആയി കൂടി ആലോചിപ്പോൾ ലോഡ്ജിൽ മുറി എടുത്തു രാത്രി കഴിക്കുന്നതായിരിക്കും നല്ലത്, എന്ന അഭിപ്രായം ഉയർന്നു വന്നു. ഉടനെ എന്റെ സഹോദരി ഭർത്താവ് ഏർപ്പാട് ചെയ്ത ലോഡ്ജിൽ എത്തി മുറിയെടുത്തു താമസിച്ചു. വെളുപ്പിന് എയർപോർട്ടിൽ കൊണ്ട് വിടാൻ ലോഡ്ജ് മാനേജർ കാർ ഏർപ്പാട് ചെയ്തു തന്നു. കൃത്യ സമയത്ത് തന്നെ എല്ലാവരും റെഡി ആയി എയർപോർട്ടിൽ എത്തി. ഗോവയിൽ നിന്നുള്ള യാത്രിക ബിന്ദു അവിടെ ഞങ്ങളെ കാത്തു നിൽപുണ്ടായിരുന്നു. ഈ യാത്രക്കിടയിൽ യാത്രികർ എല്ലാവരും പരസ്പരം പരിചയപ്പെട്ടു. ചിലരെ അറിയാം. ചിലർക്ക് ഞങ്ങളെ അറിയാം. അറിയാത്തവരെ അന്വേഷിച്ചു പരിചയപ്പെട്ടു. ഏക മനസ്സോടെ കൈലാസ നാഥനെ കാണാൻ പുറപ്പെട്ട ഞങ്ങൾ എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങൾ പോലെ ആയിരുന്നു. ത്രിഭുവൻ ഇന്റർനാഷണൽ എയർപോർട്ടിൽ എത്തി, പെട്ടികൾ എടുത്തു പുറത്ത് എത്തിയപ്പോഴേക്കും, ഞങ്ങളെ കൊണ്ട് പോകാൻ ഉള്ള ബസ് പുറത്ത് കാത്തു നിൽപുണ്ടായിരുന്നു. മാത്രവുമല്ല yogis trails എന്ന banner വെച്ച ഒരു ഗൈഡ് ഞങ്ങളെ പുഞ്ചിരിയോടെ സ്വീകരിക്കാൻ കാത്തു നിൽപുണ്ടായിരുന്നു.എല്ലാവർക്കും നല്ല വിശപ്പ് ഉണ്ടായിരുന്നു. തലേ ദിവസം ബദ്ധപാടിൽ പലർക്കും ഭക്ഷണം കഴിക്കാൻ കഴിഞ്ഞിരുന്നില്ല. രാത്രി ഭക്ഷണം നേരത്തെ കഴിക്കുകയും ചെയ്തിരുന്നു. അതിനാൽ ലോഡ്ജിൽ എത്താനുള്ള ക്ഷമ ആർക്കും ഉണ്ടായിരുന്നില്ല. പോകുന്ന വഴിക്ക് ഒരു ഹോട്ടലിൽ കയറി പ്രഭാത ഭക്ഷണം കഴിച്ചു. തുടർന്ന് Hotel malla എന്ന ലോഡ്ജിൽ മുറി എടുത്തു താമസിച്ചു. കാഠ്മണ്ടുവിലെ താമസം ഇവിടെ ആണ്. പോകുമ്പോഴും തിരിച്ചു വരുമ്പോഴും ഇവിടെ ആണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. വളരെ നല്ല സൗകര്യങ്ങളോട് കൂടിയ ലോഡ്ജ് ആണ്. അവിടെ വെച്ച് ഹൈദരാബാദ് സ്വദേശികൾ ആയ 3 ഡോക്ടർമാരെ പരിചയപ്പെടാൻ കഴിഞ്ഞു. ഇവർ ഒരു ആഴ്ച ആയി ഇവിടെ താമസിക്കുന്നു. നേരത്തെ പോവേണ്ടവർ ആയിരുന്നു. പ്ലാനിൽ എന്തോ കുഴപ്പം ആയി ഇവിടെ കുടുങ്ങി കിടക്കുകയാണ്. ഇവരും ഞങ്ങളോടൊപ്പം ആണ് യാത്ര തുടങ്ങുന്നത് എന്ന് സംസാരത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.വൈകുന്നേരം

ഞങ്ങളുടെ നേപ്പാൾ ഏജന്റ് ആയ Touch kailash ന്റെ പ്രതിനിധികൾ വരും എന്നും, യാത്രയെ കുറിച്ച് ചില കാര്യങ്ങൾ മനസ്സിലാക്കി തരുമെന്നും പറഞ്ഞിരുന്നു. കുളിച്ചു, ഊണ് കഴിഞ്ഞു, വിശ്രമിച്ച ശേഷം വൈകുന്നേരം, പ്രസിദ്ധമായ പശുപതിനാഥ് ക്ഷേത്രത്തിൽ ദർശനം നടത്താൻ പോയി. സുഖ ദർശനം. മഹാദേവനോട്, സുഗമമായ യാത്രക്ക് വേണ്ടി പ്രാർത്ഥിച്ചു.അടുത്ത ദിവസം യാത്ര പുറപ്പെടേണ്ടതായിരുന്നു.നാളെ നമ്മൾ യാത്ര തുടരുന്നില്ല. പുറപ്പെടുന്ന സമയം അറിയിക്കാം, എന്ന് പറഞ്ഞു. എല്ലാവരും നിശ്ശബ്ദരായി. മുഖം വാടി. കാലാവസ്ഥ അനുകൂലമല്ല. വഴിയിൽ മണ്ണിടിച്ചൽ കാരണം വാഹനങ്ങൾ പോകാൻ പറ്റില്ല. റോഡ് ശരിയായ ശേഷം മാത്രമേ യാത്ര തുടങ്ങാൻ പറ്റുകയുള്ളൂ. മുകളിൽ കനത്ത മഴയും, മഞ്ഞ് വീഴ്ചയും ഉണ്ട്. Touch kailash ഉടമ basu adhikari അവിടെ ക്യാമ്പ് ചെയ്ത് കാര്യങ്ങളുടെ പുരോഗതി അപ്പപ്പോൾ അറിയിക്കുന്നുണ്ടായിരുന്നു. അവിടെ നിന്ന് നിർദേശം കിട്ടിയ ശേഷം മാത്രമേ യാത്ര പുറപ്പെടാൻ പറ്റുകയുള്ളൂ. പിറ്റേന്ന് കാലത്ത് ഡോലേശ്വർ മഹാദേവ ക്ഷേത്രം, സൂര്യവിനായക് ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ ദർശനം നടത്തി. ഊണ് കഴിഞ്ഞു, യാത്രികരിൽ ചിലർക്ക് ഷൂ കവർ, തൊപ്പി, ബാഗ് തുടങ്ങി ചില സാധനങ്ങൾ വാങ്ങാൻ തമേൽ മാർക്കറ്റിൽ പോയി. വൈകുന്നേരം ബുദ്ധ നീലകണ്ഠ ക്ഷേത്രത്തിൽ പോയി. ഗുഹ്യേശ്വരി ക്ഷേത്രത്തിൽ ദർശനം നടത്താൻ ഉദ്ദേശിച്ചു എങ്കിലുംചന്ദ്ര ഗ്രഹണം കാരണം ക്ഷേത്രം നേരത്തെ അടച്ചതിനാൽ ദർശനം നടത്താൻ കഴിഞ്ഞില്ല. തിരിച്ചു ലോഡ്ജിൽ എത്തിയപ്പോഴേക്കും യാത്ര അടുത്ത ദിവസം ആരംഭിക്കും എന്ന് അറിയിപ്പ് വന്നു. എല്ലാവർക്കും ഓവർ കോട്, ദഫ്ൽ ബാഗ്, ബാക്പാക്ക് എന്നിവ തന്നു.ബാഗിൽ നമ്പർ എഴുതിയിരുന്നു. ഇനി എല്ലായിടത്തും ഈ നമ്പർ പ്രകാരം ആണ് ബാഗ് ലഭിക്കുക. അവശ്യ വസ്തുക്കൾ എല്ലാം ഈ ബാഗിൽ ആക്കി, ബാക്കി സാധനങ്ങൾ പെട്ടിയിൽ ആക്കി ലോഡ്ജിൽ സൂക്ഷിക്കും. തിരിച്ചു വരുമ്പോൾ പെട്ടി തരും. മീറ്റിംഗ് കൂടി യാത്രയുടെ ഏകദേശ രൂപം, touch kailash പ്രതിനിധി അവതരിപ്പിച്ചു. മീറ്റിംഗ് കഴിഞ്ഞപ്പോഴേക്കും, എല്ലാവരും മനസ്സ് കൊണ്ട് യാത്ര തുടങ്ങി. അത്രക്ക് ആവേശവും ഉത്കണ്ഠയും ആയിരുന്നു, എല്ലാവർക്കും. നേരം വെളുക്കാൻ തിടുക്കമായി. ഉറക്കം വരുന്നില്ല.കിടക്കുന്നതിനു മുൻപ് യാത്രയിൽ അത്യാവശ്യം വേണ്ട സാധനങ്ങൾ ദഫ്ൽ ബാഗിലും, മരുന്ന്, ഫ്ലാസ്ക്, ടോർച്, തൊപ്പി, കൂളിംഗ് ഗ്ലാസ് തുടങ്ങി നിരവധി വസ്തുക്കൾ ബാക്ക് പാക്കിലും എടുത്തു. വെളുപ്പിന് എഴുന്നേറ്റു റെഡി ആയി. ഏഴ മണി ആയിട്ടും സൂര്യ പ്രകാശം പരന്നിരുന്നില്ല. ബസിൽ കയറി

ഫ്രണ്ട് സീറ്റ് തന്നെ പിടിച്ചു. കാഴ്ചകൾ ഒന്നും മിസ് ആവരുതല്ലോ. ബസ് നീങ്ങിയപ്പോൾ മഹാദേവന്റെ പ്രാർത്ഥന ബസിൽ മുഴങ്ങി. മാർഗബന്ധു സ്തോത്രം, ഗണപതി സ്തോത്രം, തുടങ്ങി എല്ലാ ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചു കൊണ്ട് ബസ് യാത്ര പുറപ്പെട്ടു.

പശുപതിനാഥ ക്ഷേത്രം

ഡോളെശ്വർ മഹാദേവ് ക്ഷേത്രം... ഇന്ത്യയിൽ, ഉത്തരാഖണ്ഡ് സംസ്ഥാനത്തെ, കേദാർനാഥ് ക്ഷേത്രത്തിൽ " മുതുക് " രൂപത്തിൽ ആണ് പ്രതിഷ്ഠ, എങ്കിൽ "തല " ഇവിടെ ആണ് ഉള്ളത് എന്നാണ് വിശ്വാസം. ചാർധാമ് യാത്ര പൂർത്തീകരിക്കണമെങ്കിൽ ഇവിടെ കൂടി സന്ദർശനം നടത്തണം എന്നാണ് വിശ്വാസം. 4000 മുതൽ 5,000 വർഷം പഴക്കം ഉണ്ട് എന്ന് കരുതപ്പെടുന്നു. നിലവിൽ അല്പം പുനർനിർമാണം നടത്തിയതിനാൽ അധികം പഴക്കം തോന്നിക്കില്ല.കാത്മണ്ടുവിൽ നിന്ന് സുമാർ 20 കിലോമീറ്റർ അകലെ ഭക്തപ്പൂർ ജില്ലയിൽ ആണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്ര പരിസരം അതി മനോഹരം ആണ്. നല്ല ഹരിതാഭമായ അന്തരീക്ഷം. ചുറ്റും മല നിരകൾ. പോകുന്ന വഴിയിൽ രുദ്രാക്ഷം വിൽക്കുന്ന കടകൾ. രുദ്രാക്ഷ കായ്കളും,രുദ്രാക്ഷം കൊണ്ടുള്ള പൂക്കോട്ടകളും വിൽക്കാൻ വെച്ചിട്ടുണ്ട്. പല തരത്തിലുള്ള ധാന്യങ്ങളും വിൽക്കാൻ വെച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു.ക്ഷേത്രത്തിൽ കടന്നു ശ്രീകോവിലിനു മുന്നിൽ നിൽകുമ്പോൾ അപാരമായൊരു ചൈതന്യം നമുക്ക് അനുഭവപ്പെടും.

സൂര്യവിനായക് ക്ഷേത്രം.... കാത്മണ്ടു വിലെ 4 വിനായക (ഗണപതി )പ്രതിഷ്ഠ ഉള്ള ക്ഷേത്രങ്ങളിൽ ഏറ്റവും പ്രാധാന്യം ഉണ്ട് എന്ന് കരുതപ്പെടുന്ന ഒന്നാണ് സൂര്യ വിനായക് ക്ഷേത്രം. ക്ഷേമത്തിനും ഐശ്വര്യത്തിനും എല്ലാം ഭക്തർ ഇവിടെ ദർശനം നടത്തുന്നു. സംസാരിക്കാൻ ബുദ്ധിമുട്ട് ഉള്ള കുട്ടികൾ, ഇവിടെ വന്നു ദർശനം നടത്തിയാൽ സംസാര ശേഷി ഉണ്ടാവും എന്നാണ് വിശ്വാസം. ഒരു ചെറിയ കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ കയറി ചെല്ലുവാൻ, ഏതാനും പടികൾ റോഡിൽ നിന്ന് തന്നെ തുടങ്ങുന്നു. ഉദിക്കുന്ന സൂര്യന്റെ സങ്കല്പവും ഈ ക്ഷേത്രത്തിന് ഉണ്ട്. അത് കൊണ്ടാണത്രേ സൂര്യ വിനായക് ക്ഷേത്രം എന്ന പേർ വന്നത്.

രണ്ട് ബാച്ച് ആയി 33 പേർ ആണ് ടച്ച് കൈലാസ് എന്ന നേപ്പാൾ ട്രാവൽ ഏജൻസി കൊണ്ട് പോവുന്നത്. ഞങ്ങൾ  കേരളത്തിൽ നിന്നുള്ള യാത്രികർ 12 പേരും,മുംബൈ നിന്നുള്ള നിതിൻ, അനുപമ ദമ്പതികൾ, മലയാളിയും മുംബൈ വാസിയുമായ ആനന്ദ്, ഗോവയിൽ ജോലി ചെയ്യുന്ന മലയാളി ബിന്ദു എന്നിവർ അടങ്ങുന്ന 18 പേരും, മഹാരാഷ്ട്രയിൽ നിന്ന് 12 പേരും ഹൈദരാബാദ് വാസികളായ 3 ഡോക്ടർമാർ അടങ്ങുന്ന 15 പേരും ആണ് ഗ്രൂപ്പ്.രണ്ട് ബസിൽ ആണ് യാത്ര. യാത്ര പുറപ്പെടുമ്പോൾ തന്നെ ഹോട്ടലിൽ നിന്ന് പ്രാതൽ പാക്ക് ചെയ്തു തന്നിരുന്നു. വെളുപ്പിന് 5.30 ന് ബസ് യാത്ര തുടങ്ങി. കാത്മണ്ടു മുതൽ കോടാരി ബോർഡർ വരെ ഒറ്റ റോഡ് ആണ്. ഇവിടുത്തുകാർ ഇതിനെ ഹൈവേ എന്ന് വിളിക്കും. നമ്മുടെ നാട്ടിൽ ഒരു പഞ്ചായത്തിൽ പോലും ഇതിനേക്കാൾ വീതി ഉണ്ട്. വഴി നീളെ റോഡ് പണി ആണ്. വീതി കൂട്ടലും, കാന പണിയലും എല്ലാം. റോഡിലൂടെ ഉള്ള യാത്ര വളരെ ദുഷ്കരമാണ്.ആടി ഉലഞ്ഞു ബസ് പോകുമ്പോൾ, ചിലപ്പോൾ ബോട്ടിൽ ആണോ പോകുന്നത് എന്ന് തോന്നിപോകും. ഭക്തപൂർ, ബനിപ, പഞ്ചഖോൽ വരെ, റോഡ് മോശമാണെങ്കിലും അല്പം വീതി ഉണ്ട്. പക്ഷെ പഞ്ചഖോൽ മുതൽ യഥാർത്ഥ മലമ്പാത ആരംഭിക്കുന്നു. സർക്കാരിനെ മുഴുവൻ കുറ്റം പറയാൻ പറ്റില്ല. തീരെ അപ്രതീക്ഷിതമായി ബോർഡർ മാറ്റേണ്ടി വന്ന ഒരു സാഹചര്യം ഉണ്ടായി. 2025 ജൂലൈ 8 ന് പെട്ടെന്ന് ഉണ്ടായ മല വെള്ള പാച്ചലിൽ, രെസുവാഗദി എന്ന ബോർഡറിൽ ഉള്ള ഫ്രണ്ട്ഷിപ് പാലം ഒലിച്ചു പോയി. കുറെ മനുഷ്യർ അപ്രത്യക്ഷമായി. ഒരു പാട് വാഹനങ്ങൾ ഒലിച്ചു പോയി. പോക്ക് വരവ് ഇല്ലാതായി. അങ്ങനെ ഒരു സാഹചര്യം ഉണ്ടായപ്പോൾ, 2015 ലെ ഭൂമികുലുക്കത്തിൽ എല്ലാം നശിച്ച്, നാമാവശേഷമായ കോടാരി ബോർഡർ, പുനർനിർമാണം നടത്തി ഗതാഗതത്തിന് തുറന്നു കൊടുക്കേണ്ട അവസ്ഥ ഉണ്ടായി. ഇപ്പോഴും ബോർഡർ പരിസരത്തു പുനർ നിർമാണ പ്രവർത്തനം ത്വരിത ഗതിയിൽ നടന്നു വരുന്നുണ്ട്. പഞ്ചഖോൽ എത്തിയപ്പോൾ, പ്രാഥമിക കൃത്യ നിർവഹണത്തിനും, പ്രാതൽ കഴിക്കുന്നതിനും, റോഡ് സൈഡിൽ ഉള്ള ഒരു ചായ കടയിൽ വാഹനം നിറുത്തി. കടക്ക് പുറകിലൂടെ ഇന്ദ്രാവതി നദി ആർത്തലച്ചു ഒഴുകുന്നുണ്ടായിരുന്നു. റോഡിൽ നിന്ന് വളരെ അകലെ ആണെങ്കിൽ കൂടി, ശബ്ദം ഉച്ചത്തിൽ കേൾക്കാൻ കഴിഞ്ഞു.പഞ്ചഖോൽ കഴിഞ്ഞപ്പോൾ ഭൂ പ്രകൃതി മാറി. റോഡിന്റെ വശം ചേർന്ന് പൊട്ടിച്ചിരിച്ച്, കള കളാരവം മുഴക്കി ഒഴുകുന്ന ഭേട്കോശി നദി. പോയിട്ട് എന്തോ അത്യാവശ്യം

ഉണ്ട് എന്ന് നമുക്ക് തോന്നുന്ന പോലെ ആണ് ഒഴുകുന്നത്. മലഞ്ചെരുവുകൾ നിറയെ വെള്ള ചാട്ടങ്ങൾ. സുകുട്ടെ എന്ന സ്ഥലത്തു ഒരു പാട് റിസോർട്ടുകൾ കണ്ടു. ബാരിഹാബിസെ എന്ന സ്ഥലം കഴിഞ്ഞപ്പോൾ ജനവാസം തീരെ ഇല്ലാതായി. പിന്നെ അവിടെ അവിടെ കുന്നിൻ മുകളിൽ ചില ഗ്രാമങ്ങൾ കാണാൻ കഴിഞ്ഞു. കുറച്ചു ദൂരം പോയപ്പോൾ വാഹനങ്ങളുടെ നീണ്ട നിര പ്രത്യക്ഷപ്പെട്ടു. കുറച്ചു നേരം പിടിക്കും.തലേന്ന് ഹോട്ടലിൽ നിന്ന് കിട്ടിയ വിവരം അനുസരിച്ചുള്ള മണ്ണിടിച്ചലിൽ ആദ്യത്തെ സ്ഥലം ആണ്. ബുൾഡോസർ, ജെസിബി എല്ലാം തങ്ങളാൽ ആവുന്ന വിധം ശരിയാക്കാൻ നോക്കുന്നുണ്ട്. ഇതിനിടയിൽ ലോഡ് കയറ്റി വന്ന ഒരു ലോറി മുകളിലേക്ക് കയറാൻ ആവാതെ കഷ്ടപ്പെടുന്നത് കണ്ടു. കുറെ നേരത്തെ പരിശ്രമത്തിന് ശേഷം ജെസിബി യുടെ സഹായത്താൽ, മുകളിലേക്ക് കയറി. അല്പം കൂടി കഴിഞ്ഞപ്പോൾ ഞങ്ങളുടെ വാഹനം കടത്തി വിട്ടു. ഇതോടൊപ്പം അയക്കുന്ന വീഡിയോ കാണുമ്പോൾ യഥാർത്ഥ രൂപം അറിയാം. തുടർന്ന് ഞങ്ങളുടെ വാഹനം ഗൗരിശങ്കർ conservation ഏരിയയിൽ പ്രവേശിച്ചു. നല്ല വന പ്രദേശം. ഇട തൂർന്ന മരങ്ങൾ, ചെങ്കുത്തായ പാറക്കൂട്ടങ്ങൾ, ആർത്തലചോഴുകുന്ന വെള്ളച്ചാട്ടങ്ങൾ, ഭംഗിയും, ഒപ്പം ഭീതിയും ഉണ്ടാവുന്ന പ്രദേശത്തിലൂടെ ബസ് ഓടിക്കൊണ്ടിരുന്നു.ബോർഡറിൽ നിന്ന് 12.കിലോമീറ്റർ അകലെ എത്തിയപ്പോൾ അടുത്ത മണ്ണിടിച്ചലും ബ്ലോക്കും. റോഡ് ശരിയായി യാത്ര തുടരാൻ സുമാർ 1 മണിക്കൂറും 45 മിനിറ്റും എടുത്തു. പക്ഷെ ഇതൊന്നും മനസ്സിനെ ബാധിച്ചില്ല. കാരണം അത്രക്കും മനോഹരമാണ് ചുറ്റുമുള്ള പ്രകൃതി ഭംഗി. അവർണ്ണനീയം. യാത്ര ബോർഡറിൽ നിന്ന് 4 കിലോമീറ്റർ അകലെ ഉള്ള തത്തോപാനി എന്ന സ്ഥലത്തു വാഹനം നിറുത്തി. ഇവിടെ ഒരു ഹോട്ടലിൽ ഉച്ച ഭക്ഷണം കഴിച്ചു.കുറച്ചു ദൂരം കൂടി ബസിൽ പോയി. ഇനി ബസ് പോവില്ല.ഇവിടെ അതി ഗംഭീരം ആയ ഒരു മണ്ണിടിചൽ കാരണം റോഡ് മുഴുവനും ഒലിച്ചു പോയിരിക്കുന്നു. ഇപ്പോഴും ചെളിയും വെള്ളവും ഒഴുകുന്നു. ബസിൽ നിന്ന് ചുമട്ടുകാർ ഞങ്ങളുടെ ദഫിൽ ബാഗ് തല ചുമടായി, ഈ ചെളിയും കുത്തി ഒലിക്കുന്ന വെള്ളവും, കല്ലും കട്ടയും മറി കടന്ന് അക്കരെ എത്തിച്ചു. ഞങ്ങൾ ഓരോരുത്തരായി ചുമട്ടുകാരുടെ സഹായം തേടി, കൈ പിടിച്ചു മറുകര താണ്ടി. താഴെ നോക്കിയാൽ ഭയാനകം ആണ്. പിടി വിട്ടാൽ ഭേട് കോശി നദിയിൽ സമാധി തന്നെ. മഹാദേവനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് മറുകര എത്തി. അവിടെ ഏർപ്പാട് ചെയ്തിരുന്ന ഒരു പിക്കപ്പ് വാനിൽ കയറി, കോടാരി ബോർഡർ ഗേറ്റ് വരെ പോയി. നേപ്പാൾ ബോർഡർ വലിയ കുഴപ്പം ഇല്ലാതെ കടന്നു. പരിശോധന വളരെ

സ്വത്ത് ആയിരുന്നു.ഇവിടെ ഒരു പ്രത്യേകത ഉണ്ട്. ചൈനീസ് ബോർഡറിൽ കടക്കുമ്പോൾ, പെർമിറ്റിൽ / വിസയിൽ കൊടുത്തിട്ടുള്ള ഓർഡർ പ്രകാരം, അതാത് പേര് കാർ സീരിയൽ നമ്പർ പ്രകാരം വരി നിന്ന് വേണം, അകത്തു കയറാൻ. നമ്മുടെ പ്രധാന മന്ത്രി മോദിജിയുടെ, മീറ്റിംഗ് കഴിഞ്ഞത് കൊണ്ടാണോ, എന്നറിയില്ല, ചൈന ബോർഡർ ഉദ്യോഗസ്ഥർ വളരെ മാന്യമായി പെരുമാറി എന്ന് പറയാതെ വയ്യ. കാരണം യോഗിയുടെ നേതൃത്വത്തിൽ ജൂലൈയിൽ പോയ യാത്രികരോട് ഉണ്ടായ പെരുമാറ്റം വളരെ മോശം ആയിരുന്നു എന്ന് എല്ലാവരും അഭിപ്രായം പറഞ്ഞു. കുറേ നേരം കാത്തു നിറുത്തി. ഞങ്ങളുടെ ഗ്രൂപ്പ് അല്പം താമസിച്ചു, ചെന്നിട്ട് പോലും, ക്ഷമയോടെ, എല്ലാ ചെക്കിങ് കഴിഞ്ഞു, പെട്ടെന്ന് പുറത്ത് കടക്കാൻ ഏർപ്പാട് ചെയ്തു തന്നു. ചിലരുടെ ബാഗ് പരിശോധിച്ചത് പോലും ഇല്ല. ചൈനയുടെ നിയന്ത്രണത്തിൽ ഉള്ള പ്രദേശം ആയ ടിബറ്റ് ആണ് ഇനി യാത്ര തുടരുന്ന ഭാഗം.അവിടെ ടിബറ്റ്കാരുടെ ബസ് ഉണ്ടായിരുന്നു. ഇനി മാനസ സരോവർ വരെ അതിൽ ആണ് യാത്ര.ബോർഡർ കടന്നാൽ നമ്മുടെ സമയം ആയി 2 മണിക്കൂർ 15 മിനിറ്റ് വ്യത്യാസം ഉണ്ട്. ഇന്ത്യയും നേപ്പാൾ തമ്മിൽ 15 മിനിറ്റ് ആണ് സമയ വ്യത്യാസം. ബസ് നീങ്ങി തുടങ്ങിയപ്പോൾ കണ്ട കാഴ്ച വളരെ ഖേദകരം ആയിരുന്നു. മണ്ണിടിച്ചൽ കാരണം റോഡ് ഒലിച്ചു പോയി. ബോർഡർ കടന്നു പോകാൻ കാത്തു നിൽക്കുന്ന നിരവധി പുതിയ കാറുകൾ, കണ്ടെയ്നർ ലോറികൾ, എല്ലാം റോഡിന്റെ വശത്തു വരി വരിയായി നിറുത്തി ഇട്ടിരിക്കുന്നു. ഇല കൾ വീണു, പൊടി പിടിച്ചു കിടക്കുന്ന കാഴ്ച വിഷമം ഉണ്ടാക്കുന്നതാണ്. കുറെ കൂടി പോയപ്പോൾ, അതിലും ഭയാനകവും ഭീതിജനകവും ആയ കാഴ്ചകൾ ആണ് കാണാൻ കഴിഞ്ഞത്. 2015 ലെ ഭൂമി കുലുക്കത്തിൽ തകർന്ന് മണ്ണടിഞ്ഞ വീടുകളും, സ്ഥാപനങ്ങളും. അതിന്റെ ബാക്കി പത്രം എന്നോണം തുറിച്ചു നിൽക്കുന്ന ഗ്യാസ് സിലിണ്ടർ ഭാഗം, ഫർണിചർ കഷ്ണം, പൈപ്പുകൾ, വാതിലുകൾ, ജനാലകൾ, മുതലായവ നമ്മളെ പഴയ പത്ര വാർത്തകളിലേക്ക് എത്തിച്ചു. പക്ഷെ ഇപ്പോൾ ചൈനീസ് ഗവണ്മെന്റ് തകൃതിയായി പുനർ നിർമാണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. റോഡിന്റെ രണ്ട് വശത്തും പണികൾ നടക്കുന്നതിനാൽ, ഒരു വാഹനം കഷ്ടിച്ച് കടന്നു പോകാനുള്ള വഴിയേ അവിടെ ഉള്ളൂ. ഈ പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിലും, മുകളിൽ നിന്ന് കുത്തി ഒലിച്ചു, ചീറി പായുന്ന വെള്ളച്ചാട്ടങ്ങൾ കണ്ടു. എത്ര ഉറപ്പ് ഉണ്ടാകും, ഈ പ്രവൃത്തികൾക്ക് എന്ന ഒരു സംശയം ബാക്കി ആയി. റോഡിൽ മുഴുവൻ വെള്ളം ഒഴുകുകയാണ്. വീണ്ടും ബസ് യാത്ര തുടർന്ന് കുറച്ചു ദൂരം പോയപ്പോൾ

പ്രകൃതിയിൽ മാറ്റം കണ്ടു തുടങ്ങി. മരങ്ങൾ വഴി മാറി. പാറ കൂട്ടങ്ങൾ, മൊട്ട കുന്നുകൾ, പുൽമെടുകൾ എന്നിവ കണ്ടു തുടങ്ങി. വഴിയിൽ ധാരാളം പോലീസ് ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്നു.എല്ലായിടത്തും പരിശോധന തുടർന്ന് കൊണ്ടേ ഇരുന്നു.അവസാനം ആദ്യ ദിവസത്തെ ക്യാമ്പ് ആയ ന്യാലം എന്ന സ്ഥലത്ത് എത്തി. ഹോട്ടലിൽ അഭയം പ്രാപിച്ചു. നല്ല തണുപ്പ് ഉണ്ടായിരുന്നു.ന്യാലം സമയം 6 മണിക്ക് എത്തി. ചുറ്റും നടന്നു. മൊട്ട കുന്നുകൾ. ദൂരെ മഞ്ഞ് പുതച്ച മല നിരകൾ കാണാം. മുറി നല്ലതായിരുന്നു. കിടക്ക ചൂടാക്കാൻ ഉള്ള സംവിധാനം ഉണ്ടായത് കൊണ്ട്, താപനില, തീരെ കുറവായിരുന്ന എങ്കിലും ഉറക്കത്തെ ബാധിച്ചില്ല. Touch kailas ടീമിന്റെ പാചകക്കാർ, ഹോട്ടലിൽ എത്തിയ ഉടനെ ചൂട് ഉള്ള മസാല ചായ തന്നു. നല്ല ഉന്മേഷം തോന്നി. രാത്രി അത്താഴത്തിനു സൂപ്പ്, ചപ്പാത്തി, കറി, മധുരത്തിന് രസഗുള എന്നിവയും തന്നു. നീണ്ട യാത്രയുടെ ക്ഷീണത്തിൽ സുഖമായുറങ്ങി.

അടുത്ത ദിവസം കാലത്ത് പ്രഭാത ഭക്ഷണം കഴിഞ്ഞു പുറപ്പെട്ടു സമുദ്ര നിരപ്പിൽ നിന്ന് 4640 മീറ്റർ (15223 അടി )ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സാഗ എന്ന, സാമാന്യം ഭേദപ്പെട്ട പട്ടണത്തിൽ എത്തി താമസിക്കാൻ ആണ് പരിപാടി. ഇവിടെ രണ്ടു ദിവസം താമസിച്ചു പ്രകൃതിയും, കാലാവസ്ഥയും ആയി പൊരുത്തപ്പെടാൻ ആണ് ഉദ്ദേശിച്ചത്. ഉയരങ്ങളിൽ പോകും തോറും, സാധാരണ നിരപ്പിൽ താമസിക്കുന്നവർക്ക്, പ്രത്യേകിച്ചും ഉണ്ടാവാറുള്ള High altitude sickness ഒഴിവാക്കാൻ ഈ താമസം ഉപകരിക്കും. കാലത്ത് പ്രാതൽ കഴിഞ്ഞു ലോഡ്ജിന് ചുറ്റും നടന്നപ്പോൾ തന്നെ ഉഷാർ തോന്നി. കൈലാസ ദർശനത്തിന് മനസ്സ് തിടുക്കം കൂട്ടുന്നു. രണ്ട് ദിവസം കഴിഞ്ഞാൽ, ഇത് വരെ യു ട്യൂബിലും,ഫോട്ടോയിലും മാത്രം കണ്ട കൈലാസം, എന്റെ കണ്ണ് കൊണ്ട് കാണാൻ ധൃതി ആയി. കാഠ്മണ്ടുവിൽ നിന്ന് പുറപ്പെട്ടുമ്പോൾ മുതൽ ഞങ്ങൾ ഓരോരുത്തർക്കും ഓക്സിജൻ പ്രശ്നം ഉണ്ടാവാതിരിക്കാൻ ഡയമോക്സ് ഗുളിക തന്നിരുന്നു. രണ്ടു നേരവും ഓക്സിജൻ ലെവൽ പരിശോധന നടത്തിയിരുന്നു. അടുക്കള ജീവനക്കാർ കാണിച്ച താല്പര്യം മറക്കാൻ പറ്റില്ല. കാലത്ത് 11 മണിക്ക് ബസിൽ പുറപ്പെട്ടു യാത്ര തുടർന്നു. വളഞ്ഞു പുളഞ്ഞൊഴുകുന്ന നദി. അതിനോട് ചേർന്ന് റോഡ്. രണ്ടു വശവും കൃഷി സ്ഥലങ്ങൾ. ഗോതമ്പ്, കടുക്, നെല്ല്,മുതലായവ കൃഷി ചെയ്യുന്നത് കണ്ടു. യാക്കിൻ കൂട്ടങ്ങളും, ചെമ്മരിയാടിൻ കൂട്ടങ്ങളും മേഞ്ഞു നടക്കുന്നത്, വഴിയിൽ പല സ്ഥലത്തും കാണാൻ കഴിഞ്ഞു.കുറെ

കഴിഞ്ഞപ്പോൾ ഭൂപ്രകൃതി ആകെ മാറി. വരണ്ട ഭൂ പ്രദേശം. കുറ്റിച്ചെടികൾ പോലും ഇല്ലാത്ത മൊട്ടക്കുന്നുകൾ. ചൈനക്കാർ എന്തോ കുഴിച്ചെടുക്കാൻ ശ്രമിച്ചതിന്റെ അവശേഷിപ്പുകൾ കാണാൻ കഴിഞ്ഞു. പച്ച നിറത്തിലുള്ള ഒരു തരം വല കൊണ്ട്, കുഴിച്ച സ്ഥലം വേർതിരിച്ചിരിക്കുന്നത് കണ്ടു. ദൂരെ കാണാൻ കഴിയുന്ന നാട പോലുള്ള റോഡ്. നേർ വരയിലും, വളഞ്ഞു പുളഞ്ഞും, ചക്രവാളത്തിലേക്കാണോ എന്ന് തോന്നുമാറ്, കയറ്റം കയറി കയറി പോകുന്ന റോഡിലൂടെ, ഞങ്ങളുടെ ബസ് ഓടിക്കൊണ്ടേ ഇരുന്നു. ഇടക്ക് കോളനി മാതിരി കുറച്ചു വീടുകളുടെ കൂട്ടം കാണാൻ ഇടയായി. പല കോളനികളിലും ജനങ്ങൾ ഉള്ളതായി തോന്നിയില്ല. ഇടക്ക് ഒരു ചെറിയ ടൌൺ എന്ന് തോന്നുന്ന പോലുള്ള ഒരു പൊതു കംഫർട് സ്റ്റേഷനിൽ മൂത്രം ഒഴിക്കാൻ ബസ് നിറുത്തി. തിരക്ക് കൂട്ടി ഓടിയവർ എല്ലാം, പോയ സ്പീഡിൽ മൂക്കു പൊത്തി തിരിച്ചു വന്നു. എവിടെയും വെള്ളം ഉണ്ടായിരുന്നില്ല. ആണിനും പെണ്ണിനും മൂത്രം ഒഴിക്കാൻ കുഴികൾ മാത്രം. സ്റ്റെപ് പോലും ഇല്ല. പുറത്ത് പറമ്പിൽ പോയി കാര്യം സാധിച്ചു വന്നു.പൊതു സ്ഥലങ്ങളിൽ എവിടെയും പറമ്പ് തന്നെ ശരണം. സാഗ ടൌൺ എത്തുന്നതിനു തൊട്ട് മുൻപ് ബ്രഹ്മപുത്ര നദിക്കു കുറുകെയുള്ള പാലം. ഇടത്തോട്ട് പോയാൽ സാഗ ടൌൺ. വലത്തോട്ട് പോയാൽ ടിബെറ്റിന്റെ തലസ്ഥാനം ആയ ലാസയിൽ എത്താം.കുറച്ചു കഴിഞ്ഞപ്പോൾ ബസ് ഒരു ചെക്പോസ്റ്റിൽ പിടിച്ചിട്ടു. കാര്യം തിരക്കിയപ്പോൾ, അറിയാൻ കഴിഞ്ഞത്, ഞങ്ങളുടെ കൂടെ വന്നിരുന്ന, നേപ്പാളി കുക്കിംഗ് ടീം, ലിസ്റ്റിൽ പെട്ടിരുന്നില്ല. പക്ഷെ ഞങ്ങളുടെ ടിബറ്റൻ ഗൈഡ് കൂടെ മറ്റൊരു വാഹനത്തിൽ ഉണ്ടായിരുന്നത് കൊണ്ട്, അദ്ദേഹം ഇടപെട്ടു പ്രശ്നം പരിഹരിച്ചു.പ്രത്യേകം പറയേണ്ട ഒരു കാര്യം, വഴിയിലെ ഉച്ച ഭക്ഷണം.ന്യാലത്തു നിന്ന് ബസിൽ ഉച്ച ഭക്ഷണം, നല്ല ചൂട് പോകാത്ത കണ്ടെയ്നറിൽ ആക്കി അടുക്കി വെക്കും. ഭക്ഷണം കഴിക്കാൻ ഉദ്ദേശിച്ച സ്ഥലത്ത് എത്തുമ്പോൾ, ബസിന്റെ ഡിക്കി തുറന്നു മേശ എടുത്തു നിരത്തി വെച്ച്, ഭക്ഷണം അടങ്ങുന്ന കണ്ടെയ്നർ നിരത്തി എല്ലാവർക്കും, സമൃദ്ധി ആയി ഉച്ച ഭക്ഷണം നൽകും. പഴങ്ങളും, കുടി വെള്ളവും വേറെ നൽകും. നല്ല ലൊക്കേഷൻ ആണ് എപ്പോഴും തിരഞ്ഞെടുക്കാറുള്ളത് എന്ന് പറഞ്ഞു. സാഗക്ക് മുൻപ് നിറുത്തിയത് ഒരു വലിയ തടാക കരയിൽ ആണ്. qomolangma national reserve എന്നാണ് ബോർഡിൽ കണ്ടത്. വിശാലമായ, ധാരാളം വെള്ളമുള്ള തടാകം.ഇളം കാറ്റേറ്റ്, ചെറിയ തണുപ്പിൽ ഭക്ഷണം കഴിക്കുമ്പോൾ, പ്രകൃതിയെ മുഴുവൻ ആവാഹിച്ച് രുചികരമായ ഭക്ഷണം കഴിക്കുന്നതിന്റെ സുഖം, അനുഭവിച്ചറിയേണ്ടതാണ്. ഇവിടെയും "കാര്യ

സാധ്യത്തിന്"വെളിമ്പ്രദേശം തന്നെ ശരണം. സാഗ ടൗണിൽ ബസ് പ്രവേശിച്ചപ്പോൾ തന്നെ അത്ഭുതം തോന്നി. കൂറ്റൻ കെട്ടിടങ്ങൾ. പണി നടന്നു കൊണ്ടേ ഇരിക്കുന്നു. വൃത്തിയുള്ള റോഡ്. സിഗ്നൽ സംവിധാനം. നല്ല കടകൾ, സൂപ്പർ മാർക്കറ്റുകൾ, എല്ലാം ഉണ്ട്. ഞങ്ങൾക്ക് താമസിക്കാൻ ഏർപ്പാട് ചെയ്ത ലോഡ്ജാവട്ടെ ഗംഭീരം. എല്ലാ ആധുനിക സൗകര്യങ്ങളോടെ ഉള്ളത്. ആദ്യമായി ഇലക്ട്രിക് ടോയ്ലറ്റ് സീറ്റ് കണ്ടു. പക്ഷെ കഴുകാൻ കുപ്പി വെള്ളം തന്നെ ആശ്രയം. ഇവിടെ രണ്ടു ദിവസം താമസം ഉണ്ട്. കാലാവസ്ഥ, പ്രകൃതി എന്നിവയുമായി പൊരുത്തപ്പെടാൻ അത്യാവശ്യം ആണ് ഇവിടുത്തെ താമസം. പുറത്ത് ഇറങ്ങി നടന്നു. 7 ഡിഗ്രി ആണ് തണുപ്പ്. ജാക്കറ്റ്, ഗ്ലൗസ് എല്ലാം ഉള്ളത് കൊണ്ട് ഒന്നും ബാധിച്ചില്ല. ഞങ്ങളുടെ ഗ്രൂപ്പിൽ ഉള്ള ചിലർക്ക്, ന്യാലം മുതൽ കുറേശെ പ്രശ്നങ്ങൾ ആരംഭിച്ചു. തലവേദന, ഛർദി, വയറിളക്കം മുതലായവ. High Altitude Sickness കാരണം ആണ് ഇത് എന്നും എല്ലാം സാവകാശം ശരിയാകും, എന്ന് കുക്കിംഗ് ടീം ധൈര്യം തന്നു. ഓക്സിജൻ ചെക്കിങ്, ഡൈമോക്സ് ഗുളിക പരിപാടി, എന്നും ഉണ്ടായിരുന്നു.പിറ്റേന്ന് ഭക്ഷണം കഴിഞ്ഞു പുറത്ത് ഇറങ്ങി നടന്നു.കയ്യിൽ കൊണ്ട് നടക്കാവുന്ന ഓക്സിജൻ സിലിണ്ടർ മിക്കവരും വാങ്ങി. ദർച്ചൻ ടൗണിൽ ചിലപ്പോൾ വില കൂടിയാലോ, കിട്ടാതിരുന്നാലോ, എന്ന സംശയം തോന്നിയത് കൊണ്ട്, സാഗ യിൽ നിന്ന് തന്നെ വാങ്ങാം എന്ന് കരുതി. എല്ലാ തെരുവിലൂടെയും നടന്നു. രണ്ടു ദിവസവും ഉറക്കത്തിനു യാതൊരു തടസ്സവും ഉണ്ടായില്ല.

വെളുപ്പിന് എഴുന്നേറ്റ് കുളിച്ചു റെഡിയായി. ഇന്നാണ് ആ ശുഭ മുഹൂർത്തം. കൈലാസം സ്വന്തം കണ്ണുകളാൽ കാണാൻ കഴിയുന്ന ദിവസം. കാലത്ത് 7.15 ന് ബസ് പുറപ്പെട്ടു. ഭൂപ്രകൃതി മാറികൊണ്ടേ ഇരുന്നു. വഴിയിൽ ധാരാളം യാക് കൂട്ടങ്ങൾ മേയുന്നത് കണ്ടു. ഇവരുടെ ഉടമസ്ഥൻമാർ താമസിക്കുന്ന ഷെഡുകളും കാണാൻ കഴിഞ്ഞു.വഴിയിൽ ചില പുൽമെടുകളിലും നിരപ്പായ സ്ഥലത്തും Kiang എന്ന് വിളിക്കുന്ന കഴുത കുടുംബത്തിൽ പെട്ട കുറെ എണ്ണത്തിനെ കാണാൻ കഴിഞ്ഞു. ഗ്രൂപ്പ് ആയിട്ടാണ് മേയുന്നത്.ഒന്ന് രണ്ട് സ്ഥലത്ത് മാൻ വർഗ്ഗത്തിൽ പെട്ട മൃഗങ്ങളെയും കാണുകയുണ്ടായി. നാട്ടു യാക്കുകൾക്ക് പുറമെ കാട്ടു യാക്കുകളെയും കണ്ടു. അതിശയം തോന്നിയത്, ധാരാളം മണൽ കൂനകൾ കണ്ടപ്പോൾ ആണ്. പണ്ട് ഇവിടെ നദി ഉണ്ടായിരുന്നുവോ. അത്ര മാത്രം മണൽ മലകൾ കണ്ടു. ഒരു പാട് ഒരു പാട്. ഒരു പുല്ലു പോലും മുളക്കാത്ത കുന്നുകൾ കണ്ടു. അവിടെയും ഇവിടെയും കുറച്ചു പച്ചപ്പ്

തോന്നിക്കുന്ന കുന്നുകൾ, മണ്ണിന്റെ വ്യത്യസ്ത നിറങ്ങൾ എല്ലാം അത്ഭുതം ഉളവാക്കുന്നതായിരുന്നു. ഇടക്കൊക്കെ ദൂരെ മഞ്ഞ് കൊണ്ട് മൂടിയ മല നിരകളും കണ്ടു. ചിലപ്പോൾ ഒരു നീർചാല് പോലെ വെള്ളം ഒഴുകിയിരുന്നു. ഉച്ചക്ക് 12.45 ആയപ്പോൾ pinsuo എന്ന സ്ഥലത്ത് ഉച്ച ഭക്ഷണം കഴിക്കാൻ ബസ് നിറുത്തി. ഇവിടെ നിന്ന് 2.30 മണിക്കൂർ യാത്ര ചെയ്താൽ മാനസ സരസ്സിൽ എത്തും എന്ന് അറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ.ഭക്ഷണം കഴിഞ്ഞു കുറെ പോയപ്പോൾ ഒരു തടാകം കണ്ടു. മനസ്സിൽ ഉറപ്പിച്ചു, ഇത് തന്നെ മാനസ സരസ്സ്. കൈലാസം കാണുന്നില്ല. കുറച്ചു കൂടി പോയപ്പോൾ അത് അവസാനിച്ചു. സുമാർ 3 മണി ആയിക്കാണും, ഡ്രൈവർ ദൂരെ ചൂണ്ടി കാണിച്ചു തന്നു, ആ കാണുന്ന തടാകം ആണ് മാനസസരസ്സ്. ഹൃദയ മിടിപ്പ് കൂടി കൂടി വന്നു. എന്റെ സ്വപ്നം യാഥാർഥ്യം ആവാൻ അധികം സമയം വേണ്ട എന്ന തോന്നൽ. ബസ് റിസപ്ഷൻ സെന്ററിന്റെ മുന്നിൽ നിന്നു. ഇറങ്ങി ഓടി. ഫോൺ എടുത്തു, ഫോട്ടോ എടുക്കാൻ. നിർഭാഗ്യം. ഫോൺ തുറക്കുന്നില്ല. പല വഴിക്കും നോക്കി. രക്ഷയില്ല. ദേഷ്യവും സങ്കടവും എല്ലാം ഒരുമിച്ച് വന്നു. ഫോൺ വലിച്ചെറിഞ്ഞാലോ എന്ന് തോന്നി. വേഗം ലതയുടെ ഫോൺവാങ്ങി ഫോട്ടോ എടുത്തു. അതാ മുന്നിൽ ഇൗ വെള്ള നിറത്തിൽ ജ്വലിച്ച നിൽക്കുന്നു, കൈലാസ പർവതത്തിന്റെ തെക്കേ മുഖം. എത്ര നേരം നോക്കി നിന്നു എന്ന് ഓർമയില്ല. കണ്ണീർ അടക്കാൻ പാടു പെട്ടു. ഇടക്ക് സംശയം തോന്നി. സ്വപ്നം ആണോ, യാഥാർഥ്യം ആണോ. ഏതോ വിഭ്രാന്തിയിൽ പെട്ട പോലെ തോന്നി. കുറെ ഫോട്ടോകൾ എടുത്തു. ഇവിടെ നിന്ന് ബസ് മാറി വേറെ ബസിൽ കയറി പോണം. ബസിൽ കയറി മാനസസരസ്സ് പരിക്രമണം നടത്താൻ പോയി. കുറച്ചു ദൂരം സഞ്ചരിച്ച ശേഷം, സരസിന്റെ കരയിൽ ബസ് നിറുത്തി. കുളിക്കാൻ അനുവാദം ഇല്ല.വേണമെങ്കിൽ വെള്ളം എടുത്തു കരയിൽ നിന്ന് തലയിൽ ഒഴിക്കാം. ഞങ്ങൾ എല്ലാവരും മുട്ടറ്റം വെള്ളത്തിൽ ഇറങ്ങി, തലയിലും, മുഖത്തും, തളിച്ചു. നാട്ടിലേക്ക് കൊണ്ട് പോകാൻ കുപ്പികളിൽ ശേഖരിച്ചു. മാനസ സരസിന്റെ പശ്ചാത്തലത്തിൽ, ദൂരെ തല ഉയർത്തി നിൽക്കുന്ന, കൈലാസ നാഥനെ, കണ്ണിമ വെട്ടാതെ, ഒരു പാട് നേരം നോക്കി, ധാരാളം ശിവ സ്തുതികൾ ജപിച്ചു. ഇനി പരിക്രമണം കൂടി പൂർത്തിയാക്കി തരണേ, എന്ന് കൂടി പ്രാർത്ഥിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ, അറിയിപ്പ് വന്നു. മുഴുവൻ പരിക്രമണം നടക്കില്ല. ചൈനീസ് പട്ടാളം, ചില നിർമാണ പ്രവൃത്തികൾ, നടത്തികൊണ്ടിരിക്കുന്നതിനാൽ, പരിക്രമണത്തിന് അനുവാദം ഇല്ല, എന്ന്. കുഴപ്പമില്ല. ഇത്രയും സാധിച്ചുവല്ലോ, എന്ന് സമാധാനിച്ചു.തുടർന്ന് ബസ് രാക്ഷസ് താൽ

കാണാൻ പുറപ്പെട്ടു. മാനസ സരസ്സ് ശുദ്ധജല തടാകം ആണ്. അതിൽ അരയന്നങ്ങൾ നീന്തി കളിക്കുന്നത് കണ്ടു. എപ്പോഴും തിരമാലകൾ അടിച്ചു കൊണ്ടിരിക്കുന്നു. ജീവനുള്ളത് പോലെ തോന്നി. നമ്മളോട് തിരകൾ എന്തൊക്കെയോ മന്ത്രിക്കുന്നത് പോലെ തോന്നുന്നു. അതൊ ശിവ പഞ്ചാക്ഷരം ജപിക്കുകയാണോ. ആ ഭാഷ നമുക്ക് അറിയില്ലല്ലോ. ഏതായാലും ഭാഗ്യവതിയാണ്. കൈലാസനാഥന്റെ മടിത്തട്ടിൽ, ദർശനം ലഭിച്ചിരിക്കാൻ ഉള്ള ഭാഗ്യം സിദ്ധിച്ച സരസ്സ്.4690 മീറ്റർ ഉയരത്തിൽ ഉള്ള ഈ സരസ്സ്, പരമാവധി ആഴം 100 മീറ്റർ ആണ്.410 square കിലോമീറ്റർ ആണ് ഏരിയ.കുറച്ചു പോയാൽ രാക്ഷസ് താൽ ആയി. ഇത് ജീവനില്ലാത്ത തടാകം ആണ്. ഉപ്പ് വെള്ളം ആണ്. 4575 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.250 square കിലോമീറ്റർ ആണ് area.ഗംഗാ ച്ചു എന്ന് പേരുള്ള ഒരു ചെറിയ നദി മാനസ സരസിനെയും രാക്ഷസ് താലിനെയും പരസ്പരം ബന്ധിപ്പിക്കുന്നു. മഞ്ഞ് ഉരുകി വെള്ളം ഒഴുകി മാനസ സരസ്സിൽ നിന്ന് രാക്ഷസ് താളിൽ പതിക്കുന്നു. രാവണൻ ശിവനെ പ്രത്യക്ഷപ്പെടുത്താൻ ഇവിടെ തപസ്സ് ചെയ്തു എന്നാണ് വിശ്വാസം. ബ്രഹ്മാവ് മനസ്സ് കൊണ്ട് സൃഷ്ടിച്ചതാണ് മാനസ സരസ്സ്. അത് കൊണ്ട് മാനസ സരസിനെ നന്മയുടെ പ്രതീകം ആയും, ദൈവീകമായും കരുതപ്പെടുന്നു. എന്നാൽ രാക്ഷസ് താൽ അസുര സങ്കല്പത്തിലും, തിന്മയുടെ പ്രതീകമായും കരുതുന്നു. രണ്ടു തടാകങ്ങളും നേരിൽ കാണുമ്പോൾ വ്യത്യാസം നല്ലത് പോലെ അനുഭവപ്പെട്ടു. ഒന്ന് ജീവനുള്ളതും ഒന്ന് നിശ്ചലവും.ഇവിടെ നിന്ന് ഇന്നത്തെ ക്യാമ്പ് സ്ഥലത്തേക്ക് പുറപ്പെട്ടു. ക്യു മോണാസ്ട്രിയുടെ അടുത്ത് ഇഷ ഫൗണ്ടേഷൻ നിർമിച്ച ഷെഡിൽ ആണ് താമസം. ഒരു മുറിയിൽ 4 പേർ. കട്ടിൽ ഉണ്ട്. കിടക്ക ചൂടാക്കാൻ ഉള്ള സംവിധാനം ഉണ്ടായിരുന്നു. തൊട്ട് പുറകിൽ മാനസ സരസ്സ്. അവിടെ ചെന്ന് ഒരു ചായ കുടിച്ച് സരസിന്റെ കരയിൽ പോയി ഇരുന്നു. ആകാശത്തു വർണങ്ങളുടെ വിസ്മയ കാഴ്ചകൾ, ഒരു പ്രത്യേക അനുഭൂതി സൃഷ്ടിച്ചു. നല്ല തണുപ്പ് ഉണ്ടായിരുന്നു. രാത്രി 12.30 ന് മൂത്രം ഒഴിക്കാൻ പുറത്ത് ഇറങ്ങിയപ്പോൾ കണ്ട കാഴ്ചകൾ അവർണനീയം ആയിരുന്നു. പൂനിലാവ് പരന്നൊഴുകി വെള്ള പുതച്ച സരസ്സ്. ആകാശത്തു നക്ഷത്രങ്ങൾ വാരി വിതറിയ പോലെ.കടും നീല നിറമാണോ കറുപ്പാണോ, അറിയില്ല, അന്തരീക്ഷം തെളിഞ്ഞു കണ്ടു. ഇടക്ക് വെളുത്ത ഉലഞ്ഞ വസ്ത്രം ധരിച്ചത് പോലെ തോന്നുന്ന രൂപങ്ങൾ, സരസ്സിൽ മുങ്ങുന്നു, പൊങ്ങുന്നു, സ്വപ്നം ആണോ, എനിക്ക് തോന്നിയതാണോ, അല്ല യാഥാർഥ്യം തന്നെ. വീഴുമ്പോൾ വെള്ളം തെറിക്കുന്നുണ്ട്. ഇത് സരസിന്റെ പല സ്ഥലത്തും ആവർത്തിച്ചു. ഞാൻ ഓടി വന്നു എന്റെ മുറിയിൽ കൂടെ ഉള്ളവരെ

വിളിച്ചുണർത്തി കാണിച്ചു കൊടുത്തു. ഫോട്ടോ എടുക്കാൻ പറ്റിയില്ല. ദൂരെ ചുവന്ന വെളിച്ചം കാണാമായിരുന്നു. കുറെ നേരം കഴിഞ്ഞു വന്നു കിടന്നു. കാലത്ത് സരസിന്റെ കരയിലെ സൂര്യോദയം ഒരു വർണ കാഴ്ച തന്നെ ആയിരുന്നു. ഷെഡിന്റെ വരാന്തയിൽ നിന്നാൽ കൈലാസ പർവതം കാണാം. സൂര്യ രശ്മികൾ പതിക്കുമ്പോൾ കൈലാസ പർവതത്തിൽ ഉണ്ടാവുന്ന മാറ്റങ്ങൾ അത്ഭുതാവഹമാണ്. ഉച്ച ഭക്ഷണം നേരത്തെ കഴിച്ചു ഇന്നത്തെ ക്യാമ്പ് ആയ ദർച്ചനിലേക്ക് പുറപ്പെട്ടു.ദർച്ചൻ കൈലാസ് പർവതത്തിന്റെ ഏറ്റവും അടുത്തുള്ള പട്ടണം ആണ്. 4575 മീറ്റർ ഉയരത്തിൽ ആണ്. സാമാന്യം നല്ല കെട്ടിടങ്ങൾ ഉള്ള ഒരു ചെറു നഗരം.

ദർച്ചനിൽ താമസിക്കാൻ ഏർപ്പാട് ചെയ്ത ഹോട്ടൽ ഗംഭീരം ആയിരുന്നു. നല്ല വൃത്തിയുള്ള, ആധുനിക സൗകര്യങ്ങളോട് കൂടിയ മുറി. ബാത്റൂമിൽ ഇലക്ട്രിക് ടോയ്ലറ്റ് സീറ്റ്, എല്ലാ സാധനങ്ങളും, ബാത്റൂമിൽ ഉണ്ട്. ഏറ്റവും ആകർഷകമായത്, മൂന്നാം നിലയിൽ നിന്ന്, ജനാലയിലൂടെ നോക്കിയാൽ "കൈലാസനാഥൻ " ചിരിച്ചു നില്കുന്നത് തെളിഞ്ഞു കാണാം. മാനസ സരസ്സ് മുതൽ തിരിച്ചു വരുന്നത് വരെ മതിയാവോളം ദർശിക്കാൻ, ഞങ്ങൾക്ക് ഭാഗ്യം ഉണ്ടായി.ഇന്നത്തെ പരിപാടി അഷ്ടപദ് സന്ദർശനം നടത്താൻ ആണ്. അവിടെ എന്തോ ഒരു തടസ്സം ഉണ്ടെന്നും ഇന്ന് പോകാൻ പറ്റില്ല, എന്ന് അറിയിച്ചപ്പോൾ, അല്പം വിഷമം തോന്നി. അഷ്ടപദ് ദർച്ചനിൽ നിന്ന് 5 കിലോമീറ്റർ കുത്തനെ ഉള്ള കയറ്റം കയറി ചെന്ന് സെർലുങ് മോനാസ്ട്രി വരെ വാഹനത്തിൽ സഞ്ചരിച്ചു, പിന്നീട് നടന്നു ചെല്ലാവുന്ന സ്ഥലം ആണ്. ജൈനമത ത്തിലെ ഒന്നാം തീർത്ഥങ്കരൻ ഋഷഭദേവൻ മോക്ഷം പ്രാപിച്ച സ്ഥലം എന്ന് വിശ്വസിച്ചു വരുന്നു. ഇവിടെ നിന്നാൽ കൈലാസനാഥന്റെ തെക്കേ മുഖം, ഏറ്റവും അടുത്ത് കാണാവുന്ന സ്ഥലം കൂടി ആണ്. പരിക്രമണം നടത്താൻ ഉദ്ദേശം ഇല്ലാത്ത പലരും ഇവിടെ വന്നു, കൈലാസനാഥനെ വണങ്ങി പോവുന്ന പതിവുണ്ട്. ഇടുങ്ങി, വളഞ്ഞു പുളഞ്ഞു പോകുന്നതും, കുത്തനെ കയറ്റം കയറി ചെല്ലേണ്ടതും ആയതിനാൽ, ബസ് ഇങ്ങോട്ട് വരില്ല. പകരം 4 X 4 ജീപ്പ് അല്ലെങ്കിൽ വാൻ വേണം സഞ്ചരിക്കാൻ.ഇന്ന് പറ്റിയില്ല എങ്കിൽ തിരിച്ചു പോരുന്ന ദിവസം പോകാം. പരിക്രമണം കഴിഞ്ഞു മടങ്ങി വരുന്ന ദിവസവും, ദർച്ചനിൽ താമസം ഉണ്ട്. ഉച്ചക്ക് മുൻപ് ഇവിടെ എത്തിയാൽ, അന്ന് വൈകുന്നേരം അഷ്ട പദ് കാണാൻ പോകാം. എന്നൊക്കെ പ്ലാൻ ഇട്ടു. പെട്ടെന്ന് ആണ് അറിയിപ്പ് വന്നത് ഉടനെ

പുറപ്പെടണം. എല്ലാവരും റെഡിയായി, ജീപ്പിൽ പുറപ്പെട്ടു. 650 യുവാൻ ആണ് ചാർജ്. ജീപ്പിന് ആളൊന്നുക്ക് 500 യുവാൻ, എൻട്രി ചാർജ് 150.ഞങ്ങളുടെ വാഹനം സെർലുങ് മോനാസ്ട്രിയുടെ മുന്നിൽ അവസാനിച്ചു. ഇവിടെ നിന്ന് ആർക്കും ചൈനീസ് ഗവണ്മെന്റ് അനുമതി നൽകുന്നില്ല. ടിബറ്റ് വാസികൾക്ക് മുകളിലേക്ക് പോകാം. Yogi Trails സംഘടിപ്പിക്കുന്ന യാത്രകൾക്ക് ഒരു തീം ഉണ്ട്. ഇത്തവണ "കാലടി മുതൽ കൈലാസം വരെ "എന്നായിരുന്നു. ആരാധ്യനായ ശ്രീ ശങ്കരാചാര്യ സ്വാമികൾ കാലടിയിൽ ജനിച്ചു, ലോകം മുഴുവൻ സഞ്ചരിച്ചു, കൈലാസത്തിൽ വിലയം പ്രാപിച്ചു എന്നാണല്ലോ വിശ്വാസം. ഞങ്ങൾ എല്ലാവരും കയ്യിൽ കരുതിയ കാലടിയിൽ, ശങ്കരാചാര്യർ ജനിച്ച സ്ഥലത്ത് നിന്നെടുത്ത മണ്ണ് ഇവിടെ സമർപ്പിച്ചു. മന്ത്രങ്ങൾ ചൊല്ലി, ശിവ സ്തുതികൾ ആലപിച്ചു. ശേഷം അവിടെ നിന്ന് കുറച്ചു മണ്ണ് എടുത്തു സ്വന്തം വീടുകളിലേക്ക് എടുത്തു കൊണ്ട് പോയി. കുറെ സമയം അവിടെ ചിലവഴിച്ചു. മനസ്സിന് തൃപ്തിയും, സമാധാനവും, ആശ്വാസവും, വിശ്വാസവും എല്ലാവർക്കും അനുഭവപ്പെട്ടു. അടുത്ത ദിവസം ആരംഭിക്കാൻ ഉദ്ദേശിച്ച കൈലാസ പരിക്രമണം, ഒരു തടസ്സവും കൂടാതെ നടക്കും, എന്നൊരു ആത്മവിശ്വാസം എല്ലാവരിലും ഉണ്ടായി. ഞങ്ങളുടെ യാത്ര സഫലമായത് പോലെ തോന്നി. കാലാവസ്ഥ അത്രക്ക് അനുകൂലമായിരുന്നു. യാത്രയിൽ ഉടനീളം, ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഞങ്ങൾക്ക് നേരിടേണ്ടി വന്നില്ല എന്നത്, മഹാദേവന്റെ അനുഗ്രഹം ആയിട്ടാണ് ഞങ്ങൾക്ക് തോന്നിയത്. തിരിച്ചു ലോഡ്ജിൽ എത്തി. അത്താഴം കഴിഞ്ഞു. പിറ്റേന്ന് ചെയ്യേണ്ട കാര്യങ്ങൾ, യാത്രയിൽ ഉണ്ടാവേണ്ട കരുതൽ എന്നിവ, വിശദമായി പറഞ്ഞു തന്നു. ഗ്രൂപ്പിൽ ചിലർക്ക് അല്പസ്വല്പം ശാരീരിക പ്രശ്നങ്ങൾ ഉണ്ടായിരുന്നു എങ്കിലും, എല്ലാവരും പരി ക്രമണത്തിന് തയ്യാറെടുത്തു.കാലത്ത് പ്രഭാത ഭക്ഷണം കഴിഞ്ഞു പുറപ്പെടാൻ ആണ് പ്ലാൻ. വഴിയിൽ കഴിക്കുവാൻ കുറച്ചു പഴങ്ങളും, കുടിക്കാൻ ജ്യൂസ്, ആലു പൊറോട്ട എന്നിവ പൊതിഞ്ഞു തരും. വിശക്കുമ്പോൾ കഴിക്കാം. പിറ്റേന്ന് നടക്കാൻ പോവുന്ന, ജീവിതത്തിലെ സ്വപ്ന സാക്ഷാൽക്കാരത്തെ ഓർത്ത് ഉറങ്ങിയില്ല. ആശങ്ക. മഴ പെയ്യുമോ. മഞ്ഞ് വീണു വഴി കുഴപ്പമാവുമോ. പരിക്രമണം ഒന്നാം ദിവസത്തോടെ അവസാനിപ്പിക്കേണ്ടി വരുമോ. ചിന്തകൾ കടന്നു വരുന്നു. ഒരു കുഴപ്പവും ഉണ്ടാവില്ല. എല്ലാം ഭംഗിയായി നടക്കും, എന്ന് ഉപ ബോധ മനസ്സ് പറഞ്ഞുകൊണ്ടേ ഇരുന്നു. നേരം വെളുത്തു. കുളിച്ചു ഉഷാർ ആയി. ഇനി മൂന്നു ദിവസം കഴിഞ്ഞു മാത്രമേ കുളിക്കാൻ സൗകര്യം ഉണ്ടാവുകയുള്ളൂ എന്ന് നേരത്തെ മുന്നറിയിപ്പ് തന്നിട്ടുള്ളതാണ്.

ഇന്ന് സെപ്റ്റംബർ 13.എനിക്ക് വളരെ പ്രാധാന്യം ഉള്ള ദിവസം ആണ്. ആറു മാസം കഴിഞ്ഞു ഇതേ തിയ്യതിക്ക് എനിക്ക് 70 വയസ്സ് ആവും. കൈലാസ ദർശനം നടത്തുവാൻ അനുമതി 70 വയസ്സ് വരെ ആണ്. 70 കഴിഞ്ഞാൽ അനുമതി കിട്ടില്ല. വേറൊരു കാര്യം അറിയാൻ കഴിഞ്ഞത്, ഇന്നലെ മുതൽ 65 വയസ്സ് കഴിഞ്ഞവർക്ക് പരിക്രമണത്തിന് അനുമതി ഇല്ല, എന്നാണ്. ഞങ്ങളുടെ ടൂർ കോർഡിനേറ്റർ, ഞങ്ങൾ സീനിയർസിന്റെ ഉത്തരവാദിത്വം /റിസ്ക് ഏറ്റെടുത്തതിനാൽ മാത്രം ആണ്, എനിക്കും എന്റെ സുഹൃത്തുക്കൾക്കും അനുമതി ലഭിച്ചത്. മഹാദേവന്റെ അനുഗ്രഹത്താൽ, ആർക്കും ഒന്നും പറ്റിയില്ല, എല്ലാവരും പരിക്രമണം പൂർത്തിയാക്കി. കാലത്ത് പ്രഭാത ഭക്ഷണം കഴിഞ്ഞു 9.30 ന് പുറപ്പെടും എന്നാണ് തീരുമാനം. അത്യാവശ്യം വേണ്ട സാധനങ്ങൾ പാക്ക് ചെയ്ത ബാഗ് എടുക്കാൻ പോർട്ടറെ ഏർപ്പാട് ആക്കി. മാനസ സരസിലെ ക്യാമ്പിൽ വെച്ച് തന്നെ ഓരോരുത്തരും അവർക്ക് വേണ്ട ആവശ്യം അവതരിപ്പിച്ചിരുന്നു. കുതിര വേണ്ടവർ, പോർട്ടർ വേണ്ടവർ, മൂന്ന് ദിവസം നടക്കുന്നവർ, ആദ്യ ദിവസം കഴിഞ്ഞു തിരിച്ച ലോഡ്ജിൽ വരുന്നവർ എന്നിങ്ങനെ പലതും പറഞ്ഞു ഉറപ്പിച്ചിരുന്നു.കാലത്ത് 9.45 ന് തന്നെ ബസിൽ കയറി. കുറച്ച ദൂരമേ ബസിൽ പോകാനുള്ളൂ. യമദ്വാർ എന്ന സ്ഥലത്ത് നിന്നാണ് പരിക്രമണം ആരംഭിക്കുന്നത്. ചെറിയ ഒരു ക്ഷേത്രം പോലുള്ള നിർമിതി. ഉള്ളിലൂടെ കയറി പുറത്ത് ഇറങ്ങി നേരെ നടക്കണം. തിരിച്ച വരാൻ പാടില്ല. പ്രദക്ഷിണം വെച്ച് കയറി, ഇറങ്ങി പോകുന്നവരും ഉണ്ട്. നേരത്തെ ഗ്രൂപ്പ് ലീഡർ ശ്രീജിത്ത് നിർദേശം തന്നിട്ടുണ്ട്. അവനവനു പറ്റുന്ന വേഗതയിൽ നടക്കുക. ആരെയും കാത്തു നിൽക്കേണ്ട. ക്ഷീണം തോന്നുമ്പോൾ വിശ്രമിക്കുക. ഇന്നത്തെ ക്യാമ്പ് ആയ ദിറാപുകിൽ എത്തിയാൽ മതി. നടക്കുന്നവർ ആദ്യം പുറപ്പെട്ടോളൂ. കുതിര പുറത്ത് സഞ്ചരിക്കുന്നവർ പുറകെ വന്നോളും. അത് അനുസരിച്ച ഞാനും ലതയും യമദ്വാറിൽ കടന്നു മണി അടിച്ച, നല്ലവണ്ണം, മഹാദേവനെ പ്രാർത്ഥിച്ചു നടന്നു തുടങ്ങി. പൊതുവെ വളരെ സ്പീഡിൽ നടക്കുന്ന പ്രകൃതം ആണ് എനിക്ക്. എനിക്ക് പോർട്ടർ ആയി ഏയ്ഞ്ചൽ വന്നു. ലതയുടെ ബാഗ് എടുത്തു മറ്റൊരു സഹായിയും. ന്യാലം മുതൽ ഞങ്ങൾക്ക് ഭക്ഷണം തരുന്ന ടീമിലെ അംഗങ്ങൾ ആയത് കൊണ്ട്, ഇവരെ ഞങ്ങൾക്ക് നല്ല അടുപ്പം ആയിരുന്നു. എയ്ഞ്ചൽ പലപ്പോഴും എന്റെ പുറകിൽ ആയിരുന്നു. സാമാന്യം സമതല പ്രദേശത് കൂടി ആണ് യാത്ര. കാണുമ്പോൾ എളുപ്പം തോന്നുമെങ്കിലും, നടത്തം അത്രക്ക് എളുപ്പം

ആയിരുന്നില്ല. നടന്നു. കൈലാസത്തിന്റെ താഴ്‌വാരയിലൂടെ, തെക്കേ മുഖം കണ്ട്, പടിഞ്ഞാറെ മുഖം കണ്ട്, വടക്കേ മുഖം കാണുമ്പോൾ ഒന്നാം ദിവസത്തെ ക്യാമ്പിൽ എത്തും. ഇതാണ് ഇന്നത്തെ പരിപാടി. ഇങ്ങനെ ആണ് പരിക്രമണത്തിന്റെ ക്രമം.നടക്കുമ്പോൾ കൂടെ നീരോഴുക്ക് ഉണ്ട്. പല സ്ഥലത്തും ഇത്തരം നീരോഴുക്കുകൾ ധാരാളം കാണാം. ചിലപ്പോൾ ഇത്തരം നീരോഴുക്കുകൾ മുറിച്ചു കടക്കേണ്ടി വരും. കുറച്ചു ദൂരെ ഒരു മല മുകളിൽ കൈലാസ പർവതത്തിന്റെ നേരെ എതിർവശത്ത് ഒരു മോനാസ്റ്റി കാണാം. കുറച്ചു കൂടി കഴിഞ്ഞാൽ ഒരു ഇടത്താവളം ആയി. ഇവിടെ കുതിരക്കാർ, കുതിരകൾക്ക് വെള്ളവും തീറ്റയും നൽകുന്നു. സഞ്ചാരികൾ ചായ യും ലഘു ഭക്ഷണവും കഴിക്കുന്നു. ചെറിയ വിശ്രമം എടുത്തു യാത്ര തുടരുന്നു. ടോയ്ലറ്റ് സൗകര്യം ഉണ്ട്. പക്ഷെ പോകാൻ പറ്റില്ല. പുറത്ത് പോകാനേ കഴിയൂ. ഇവിടെ വെച്ച് ലതയുടെ പോർട്ടർ എന്റെ പോർട്ടറെ ലതയുടെ ബാഗ് ഏൽപ്പിച്ചു വേഗം നടന്നു പോയി. അവിടം മുതൽ ഞാൻ സ്പീഡ് കുറച്ചു ലതയുടെ കൂടെ നടന്നു. ഇടക്ക് നിൽക്കും. ഇരിക്കും. വെള്ളം കുടിക്കും. ഇടക്ക് ബിസ്കറ്റ്, എനർജി ബാർ എന്നിവ കഴിക്കും. ചുറ്റും നോക്കി നടക്കുമ്പോൾ ഒരു വല്ലാത്ത അനുഭൂതി ആണ്. ഞങ്ങളെ ഞെട്ടിച്ച സംഭവം അതൊന്നുമല്ല. നമുക്ക് നടക്കാൻ തന്നെ ബുദ്ധിമുട്ട് ഉള്ള സ്ഥലം ആണ്. പക്ഷെ ടിബറ്റ് വാസികൾ, നമസ്കരിക്കും, എഴുന്നേൽക്കും, തൊഴും, വീണ്ടും നമസ്കരിക്കും, അങ്ങനെ പരിക്രമം നടത്തും. പ്രകൃതി വല്ലാതെ അത്ഭുതപ്പെടുത്തി. ഭീമാകാരങ്ങളായ മല നിരകൾ. ചിലതിന്റെ മുകളിൽ മഞ്ഞ് കട്ട പിടിച്ച് ഇരിക്കുന്നുണ്ടായിരുന്നു.ഞാൻ ഒറ്റക്ക് നടക്കുമ്പോൾ എന്റെ മനസ്സിൽ, ഒരു പാട് ഒരു പാട് സംശയങ്ങളുടെ തിരമാല ആഞ്ഞടിക്കുകയായിരുന്നു. ഞാൻ ഇന്ന് നടക്കുന്ന പാതയിലൂടെ ഇന്നലെകളിൽ, ആരൊക്കെ സഞ്ചാരിച്ചിട്ടുണ്ടാവാം.ഏതൊക്കെ ഋഷി വര്യന്മാർ ഇത് വഴി നടന്നു പോയിട്ടുണ്ടാകും. നാരദ മഹർഷി കാണുമോ, വസി ഷ്ട മുനി ഉണ്ടാവുമോ,ഈ യുഗത്തിൽ ശങ്കരാ ചാര്യർ ഉറപ്പ്, തപോവന സ്വാമികൾ, നമുക്ക് അറിവുള്ളതും, അറിയാത്തതുമായ എത്ര എത്ര മഹാത്മാക്കളുടെ പാദ സ്പർശം ഏറ്റ മണ്ണി ലൂടെ അല്ലെ, എനിക്ക് നടക്കാൻ ഭാഗ്യം കിട്ടിയിരിക്കുന്നത് എന്ന് ഓർത്തപ്പോൾ, സന്തോഷം കൊണ്ട് എന്റെ കണ്ണ് നിറഞ്ഞു. എന്തായാലും ഒന്നാം ദിവസത്തെ പരിക്രമണം ഞാൻ പൂർത്തിയാക്കും. നാളത്തെ കാര്യം നാളെ. അന്നത്തെ വഴിയുടെ അവസ്ഥ, ഇന്നത്തേത് ആയി താരതമ്യം ചെയ്യാൻ പോലും പറ്റില്ല. വായിച്ചു കേട്ട അറിവേ നമുക്ക് ഉള്ളൂ. അവർ എത്ര കഷ്ടപ്പാട് സഹിച്ചു കാണും. അത് ഓർക്കുമ്പോൾ, ഇപ്പോൾ ഇവിടെ സ്വർഗം ആണ്. വേണമെങ്കിൽ കാറിൽ പോകാൻ പറ്റും. കുറച്ചു കാല

ത്തിന് ശേഷം അങ്ങനെ ആയെന്നും വരാം.കുറച്ച് കൂടി നടന്നപ്പോൾ ഒരു ഇടത്താവളം കൂടി കണ്ടു. ഇവിടെ നിന്ന് കൈലാസത്തിന്റെ പടിഞ്ഞാറെ മുഖം കാണാം. പതിവ് വിശ്രമ പരിപാടികൾ കുതിരക്കാർ, ചുമട്ടുകാർ, എന്നിവർ നടത്തി യാത്ര തുടർന്നു. നൂഡിൽസ്, ലഘു ഭക്ഷണം എന്നിവ, ഇവിടെ ഉള്ള കടകളിൽ കിട്ടും. ഭക്ഷണം കയ്യിൽ കരുതാത്തവർക്കും, ചൂട് ഭക്ഷണം വേണം എന്നുള്ളവർക്കും വളരെ സഹായകരമാണ് ഇത്തരം കടകൾ. അവരുടെ കറൻസി ആയ യുവാൻ കയ്യിൽ ആവശ്യത്തിന് കരുതണം എന്ന് മാത്രം. നടന്നും, ഇരുന്നും, നിന്നും, ചുറ്റും നോക്കി കണ്ടും, നടത്തം തുടർന്നു. ഇതിനിടയിൽ ഒരു കാഴ്ച ഞങ്ങളെ ആകർഷിച്ചു. ഒരു ടിബറ്റ് നിവാസി ഒന്നോ രണ്ടോ വയസ്സ് മാത്രം പ്രായമുള്ള കുട്ടിയെ, അരികിലൂടെ ഒഴുകുന്ന, നദിയിൽ, കുളിപ്പിക്കുന്നത് കണ്ടു. കാൽ വെച്ചാൽ മരവിപ്പ് തോന്നുന്ന വെള്ളം. തണുപ്പ് എത്ര ആണെന്ന് പറയാൻ വയ്യ. ഇതിലാണ് ആ കൊച്ചു കുട്ടിയെ കുളിപ്പിക്കുന്നത്. അവർ പ്രകൃതി ആയി ഇണങ്ങി ചേർന്നത് കൊണ്ടായിരിക്കാം, തണുപ്പ് അനുഭവപ്പെടാത്തത്. വഴി മുഴുവൻ സമതലം അല്ല. ചില സ്ഥലത്ത് അല്പം കയറ്റവും ഇറക്കവും ഉണ്ടായിരുന്നു. ഏതാണ്ട് ദിരാപുക് അടുക്കാറായപ്പോഴേക്കും കുറേശെ വലിഞ്ഞു തുടങ്ങി. കാൽ വെക്കണം എന്നുണ്ട്. പൊന്തുന്നില്ല. ക്യാമ്പിന്റെ അടയാളം പറഞ്ഞു തന്നത്, എത്താറാവുമ്പോൾ ഒരു പാലം കാണും. മറി കടക്കാതെ നേരെ വരിക. കുറച്ചു ദൂരം കൂടി വന്നാൽ ഒരു രണ്ട് നില കെട്ടിടം കാണാം. അവിടെ ആണ്. പാലം കഴിഞ്ഞു. കുന്ന് കയറി. ഒരു കെട്ടിടവും കാണാനില്ല. വീണ്ടും വലിഞ്ഞു നടന്നു. വഴി മുന്നോട്ടു വളഞ്ഞു പുളഞ്ഞു പോകുന്നുണ്ട്. കുന്ന് കാരണം ആണ് കെട്ടിടം കാണാത്തത്. സൈഡിലൂടെ ആണ് വഴി. അപ്പോഴാണ് കൈലാസ നാഥന്റെ വടക്കേ മുഖം കണ്ണിൽ പെട്ടത്. എന്റെ മഹാദേവാ ഞാൻ ക്യാമ്പിൽ എത്തിയോ. ഇന്നത്തെ യാത്ര അവസാനിച്ചുവോ. ഭഗവാനെ മൂന്നു മുഖവും തെളിഞ്ഞു കാണാൻ കഴിഞ്ഞല്ലോ. സന്തോഷം. നടക്കുന്ന സമയത്തെല്ലാം കഴിയുന്നത്ര നാമം ചൊല്ലി ആണ് നടന്നിരുന്നത്. വർത്തമാനം തീരെ കുറവായിരുന്നു. എനർജി അത്രയ്ക്ക് കുറക്കേണ്ടല്ലോ. വേറെ ചിന്തകളും വേണ്ട. അങ്ങനെ ആലോചിച്ചു നടന്നു ക്യാമ്പിൽ ഏതാണ്ട് 5 മണിയോടെ എത്തി. 6 മണിക്ക് ചൂട് ചായ കുടിച്ചപ്പോൾ നല്ല ഉന്മേഷം തോന്നി.രാത്രി കഞ്ഞി ഉണ്ടെന്ന് അറിഞ്ഞപ്പോൾ സന്തോഷം തോന്നി. കഞ്ഞിയുടെ കാര്യം പ്രത്യേക പരിഗണന അർഹിക്കുന്ന ഒന്നാണ്. യാത്രികർ എല്ലാവരോടും പറ്റുമെങ്കിൽ പൊടിയരി, കൊണ്ടാട്ടം, പപ്പടം, ചമ്മന്തി പൊടി എന്നിവ കയ്യിൽ വെച്ചാൽ ഇടക്ക് നമുക്ക് നല്ല കഞ്ഞി

കുടിക്കാം എന്ന് ഗ്രൂപ്പ് ലീഡർ ശ്രീജിത്ത് അറിയിച്ചിരുന്നു.ദർച്ചനിൽ വെച്ച് സാധനങ്ങൾ കൊണ്ട് വന്നിരുന്നവർ എല്ലാം കുക്കിംഗ് ടീമിനെ ഏൽപ്പിച്ചിരുന്നു. അത് കാരണം എന്നും രാത്രി ചൂട് കഞ്ഞിയും ചമ്മന്തിപ്പൊടി, നാർത്തങ്ങാ, ചുട്ട പപ്പടം എന്നിവ കിട്ടി. ഇത്തരം നാടൻ സാധനങ്ങൾ അവിടെ കിട്ടുമ്പോൾ, ഒരു പ്രത്യേക സ്വാദ് തോന്നിയിരുന്നു. ചെറുതായി മഴ തുടങ്ങി. ആലിപ്പഴം വീഴുന്നത് കാണാൻ കഴിഞ്ഞു. ഇവിടെയും കാര്യ സാധ്യത്തിന് പറമ്പ് തന്നെ ശരണം. അത്താഴ ത്തിന് ശേഷം, അടുത്ത ദിവസത്തെ പരിപാടി വിശദീകരിച്ചു. എന്നും രാത്രി ന്യാലം മുതൽ ഓക്സിജൻ ലെവൽ പരിശോധിക്കുന്നുണ്ടായിരുന്നു.അത്താഴം കഴിഞ്ഞു ഓക്സിജൻ പരിശോധന നടത്തിയപ്പോൾ, പലരുടെയും ഓക്സിജൻ ലെവൽ തീരെ കുറവ് കാണിച്ചു. ചിലരുടെ മുഖം വീർത്തു. ചിലർക്ക് തല വേദന. ചിലർക്ക് വയറിളക്കം. ഗ്രൂപ്പിൽ ഉള്ള 6 പേർ, പിറ്റേന്ന് എമർജൻസി വാഹനത്തിൽ ദർച്ചനിൽ പോകാനും ലോഡ്ജിൽ വിശ്രമിക്കാനും തീരുമാനിച്ചു. ഞങ്ങളുടെ ഗ്രൂപ്പിൽ ഉണ്ടായിരുന്ന 3 ഡോക്ടർമാർ വളരെ സഹാകര മായ നിലപാട് എടുത്തിരുന്നതിനാൽ, യാത്രികർക്കു ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് അപ്പോൾ അപ്പോൾ വേണ്ട മരുന്ന് തന്ന് പരിഹരിച്ചിരുന്നു. ഇതും മഹാദേവന്റെ കാരുണ്യം എന്ന് മാത്രമേ പറയാൻ പറ്റുകയുള്ളൂ. കിടക്ക ചൂടാക്കുന്ന സംവിധാനം ഉണ്ടായിരുന്നതിനാൽ രാത്രി യിൽ തണുപ്പിന്റെ തീവ്രത അനുഭവപ്പെട്ടില്ല. പിറ്റേന്ന് കയറാൻ പോകുന്ന ഡോൾ മാല പാസിന്റെ ബുദ്ധിമുട്ട് ഓർത്ത് കിടന്നു. എല്ലാവരും വല്ലാതെ പേടിപ്പിച്ചിരുന്നു.മഹാദേവനെ സ്മരിച്ചു നാമങ്ങൾ ചൊല്ലി കിടന്നപ്പോൾ, ഉള്ളിൽ നിന്ന് ആരോ മന്ത്രിക്കുന്നത് പോലെ തോന്നി. നാളെ ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. പുഷ്പം പോലെ കയറാം. ഞാനുണ്ട് കൂടെ. എപ്പോഴോ ഉറക്കത്തിൽ ആണ്ടു പോയി.

കാലത്ത് എഴുന്നേൽക്കുമ്പോൾ മനസ്സിൽ ഗുരുവായൂരപ്പനെയും മഹാദേവനെയും നല്ലത് പോലെ സ്തുതിച്ചു. തലേ ദിവസം പെയ്ത മഴയിൽ, ക്യാമ്പിന്റെ മുറ്റം ചെളി പിളി ആയിരുന്നു. മുറ്റത്തു പാർക്ക് ചെയ്തിരുന്ന കാറിന്റെ ബോണറ്റ് ഐസ് കട്ടകളാൽ മൂടിയിരുന്നു. പ്രഭാത കൃത്യങ്ങൾക്ക് ശേഷം 7.30 ന് നടത്തം ആരംഭിച്ചു. അപ്പോഴും ഇരുട്ട് ആയിരുന്നു. പ്രകാശം പരന്നിരുന്നില്ല. മൊബൈലിന്റെ സഹായത്താൽ നടത്തം തുടർന്നു. കുറേശെ കയറ്റം തുടങ്ങി. വഴി വലിയ കുഴപ്പമില്ലാതെ കിടക്കുന്നു. ഈർപ്പം ഉണ്ടെങ്കിലും നടക്കാൻ ബുദ്ധിമുട്ട് ഉണ്ടായില്ല. വെളിച്ചം പടരുമ്പോഴേക്കും ഒരു ഇടത്താവളത്തിൽ എത്തി. താമസിക്കാൻ

ധാരാളം മുറികൾ കണ്ടു. ആൾക്കാരും ഉണ്ട്. ഇത്ര ഉയരത്തിൽ ആരാണ് വന്ന് താമസിക്കുന്നത് എന്ന് തോന്നി. കുറേ കൂടി നടന്നപ്പോൾ റോഡിന്റെ പ്രകൃതം മാറി. മുഴുവൻ കല്ല് അടുക്കി വെച്ചത് പോലെ ആണ്. അരികിൽ മഞ്ഞ്, പൊടി ഉപ്പ് വിതറിയത് പോലെ കിടക്കുന്നുണ്ടായിരുന്നു. വിവിധ നിറങ്ങളിലുള്ള തോരണങ്ങൾ കെട്ടി ഇരിക്കുന്ന സ്ഥലം കണ്ടു. അറിയാൻ കഴിഞ്ഞത്, ഈ സ്ഥലത്തിന്റെ പേർ "ശിവസ്ഥലം "എന്നാണ്. കുറച്ചു മുന്നോട്ടു പോയപ്പോൾ കുറച്ചകലെ ചെറിയ ഒരു കുളം മഞ്ഞ് മൂടി കിടക്കുന്നുണ്ടായിരുന്നു. ഇതിന്റെ പേർ ഗണേഷ് കുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് കഴിഞ്ഞു വഴി വീണ്ടും ദുർഘടം ആയി. വലിയ പാറ കൂട്ടങ്ങൾ പൊത്തി പിടിച്ചു കയറിയും, നിരങ്ങി ഇറങ്ങിയും യാത്ര തുടർന്നു. സൂര്യ രശ്മികൾ കൈലാസത്തിൽ പതിക്കുമ്പോൾ ഉണ്ടാവുന്ന മാറ്റങ്ങൾ അനിർവചനീയമാണ്. കണ്ണുകൾ ചുറ്റും കറങ്ങി കൊണ്ടേയിരുന്നു. അത്രക്ക് ആകർഷകമായിരുന്നു ചുറ്റുമുള്ള ദൃശ്യങ്ങൾ. വഴി മുകളിലോട്ട് കയറി ചെല്ലുന്തോറും ഇടുങ്ങിയതായി വന്നു. ആൾക്കാരും കുതിരകളും എല്ലാം അച്ചടക്കത്തോടെ കയറിക്കൊണ്ടിരുന്നു. കുതിര പോലും കിതക്കുന്നുണ്ടായിരുന്നു. പിന്നെ മനുഷ്യന്റെ കാര്യം പറയണോ. നിൽക്കും, ഇരിക്കും, വെള്ളം കുടിക്കും, നടക്കും, ഇരിക്കും, ഇങ്ങനെ യാത്ര മുകളിലേക്ക്, ഉയരങ്ങളിലേക്ക്, പോയ്കൊണ്ടിരുന്നു.ഇടക്ക് അല്പം മടുപ്പ് തോന്നിയപ്പോൾ ഒരു കുതിരക്കാരനോട് ഡോൾമാല പാസ്സ് കിതാ ദൂർ ഹൈ, എന്ന് ചോദിച്ചു. ദൂരെ മലമുകളിൽ ധാരാളം കൊടിതോരണങ്ങൾ കൊണ്ട് അലങ്കരിച്ച സ്ഥലം ചൂണ്ടി കാണിച്ചു തന്നു. കണ്ണുകൊണ്ട് പെട്ടെന്ന് എത്തും, പക്ഷെ ശരിക്കും അവിടെ എത്തുവാൻ നല്ല പാട് പെടണം. എല്ലാ ശക്തിയും സംഭരിച്ചു മുകളിലേക്ക് നോക്കാതെ, താഴെ മാത്രം നോക്കി നടന്നു. കുറച്ചകലെ പുക വരുന്നത് കണ്ടു. നടന്നു അടുത്ത് ചെന്നപ്പോൾ കണ്ടത്, ഹോമകുണ്ഡം പോലെ ഒരു നിർമിതി. അതിൽ ഭക്തർ എന്തോ ഒരു പൊടി ഇട്ട് പുകക്കുന്നു. അന്വേഷിച്ചപ്പോൾ അറിഞ്ഞത് അതാണ് ഡോൾമാല പാസ്സ്. ഇവിടെ ടിബറ്റ് നിവാസികൾ പൂജ നടത്തുന്നു. അവരുടെ ഗ്രാമ്യഭാഷയിൽ പാട്ടുകൾ പാടുന്നുണ്ടായിരുന്നു. എന്റെ പോർട്ടർ എയ്ഞ്ചൽ പറഞ്ഞത്, സാർ അധികം നിൽക്കരുത് ഇവിടെ. പെട്ടെന്ന് ഇറങ്ങണം. എനിക്കാണെങ്കിൽ വിശ്വാസം വരുന്നില്ല. എല്ലാവരും എന്നെ പേടിപ്പിച്ചിരുന്നു. ഡോൾമാല പാസ്സ് കടന്നു പോകൽ എളുപ്പം അല്ല. സൂക്ഷിക്കണം. തല ചുറ്റി വീഴും. ബോധം പോയി പിച്ചും പേയും പറയും, എന്നൊക്കെ. അതൊന്നും അല്ല എന്റെ പ്രശ്നം. ചുറ്റുമുള്ള കാഴ്ചകളിൽ നിന്ന് കണ്ണെടുക്കാൻ കഴിയുന്നില്ല. അത്ര മനോഹരമാണ്.

അനുഭവിച്ചറിയണം. പറഞ്ഞാൽ തീരില്ല. കുറച്ചു മുന്നോട്ടു പോയപ്പോൾ പച്ച നിറത്തിൽ തിളങ്ങുന്ന ഒരു ജലാശയം കണ്ടു. അതാണ് ഗൗരികുണ്ട്. പാർവതി ദേവി കുളിക്കാൻ വരുന്ന കുളം എന്നാണ് സങ്കല്പം.നാമം ചൊല്ലി നടക്കുമ്പോൾ ഒരു ഗുണമുണ്ട്, ഒന്നും അറിയില്ല. ഇടക്ക് ഒന്ന് വിശ്രമിക്കാൻ നിൽക്കുമ്പോൾ ആണ്, ചുറ്റും കണ്ണോടിച്ചു നോക്കുന്നത്. ചിലപ്പോൾ ഒരു പാറയുടെ മുകളിൽ ഇരിക്കും, ചിലപ്പോൾ ചാരി നിൽക്കും, ചിലപ്പോൾ വടി കുത്തി നിൽക്കും. കയറി കയറി പോകുമ്പോൾ, പെട്ടെന്ന് ആണ് ആ പച്ച ബോർഡ് കണ്ണിൽ പെട്ടത്. Zhoin ma la. ഇതാണ് നമ്മൾ പറയുന്ന, അല്ലെങ്കിൽ കേട്ടിട്ടുള്ള dolma la പാസ്സ്. ലാ എന്ന് പറഞ്ഞാൽ പാസ്സ് എന്നാണ് അർത്ഥം. പറഞ്ഞു ശീലിച്ചത് കൊണ്ട്, നമ്മൾ ഡോൾമാലാ പാസ്സ്, khardung la, ഊർമിങ് ലാ പാസ്സ് എന്നൊക്കെ പറയും.ഈ ബോർഡ് കണ്ടപ്പോൾ ഉണ്ടായ ആശ്വാസം പറയാൻ വയ്യ. കയറ്റം കഴിഞ്ഞല്ലോ, ഇനി ഇറക്കമല്ലേ, അത് സാരമില്ല, എന്ന് തോന്നി. പക്ഷെ ഇറങ്ങി തുടങ്ങിയപ്പോൾ ആണ്, ഇറക്കത്തിന്റെ തനി സ്വരൂപം കണ്ടത്. വീതി കുറവ്. ലൂസ് ആയി കിടക്കുന്ന മണ്ണും, കല്ലും. കാൽ വെച്ചിടത്ത് ഉറക്കുന്നില്ല. നീങ്ങി പോവുന്നു. ഒരു വിധം ബുദ്ധിമുട്ടി കുറച്ചു ഇറങ്ങി. കുറച്ചു കൂടി മുന്നോട്ടു പോയപ്പോൾ, സൈഡിൽ കൈ വരി പിടിപ്പിച്ചിട്ടുണ്ട്. കുറെ സമാധാനം. പക്ഷെ ഇത് പിടിച്ചത് കൊണ്ടൊന്നും രക്ഷ ഇല്ല. അത് പോലുള്ള ഇറക്കം ആണ്. ഒന്ന് തെറ്റിയാൽ പൊടി പോലും കിട്ടില്ല. എവിടെ ചെന്ന് വീഴും എന്ന് പറയാൻ പറ്റില്ല. ഇവിടെയും നാമജപം തന്നെ രക്ഷ. ശ്രദ്ധ തെറ്റാതെ ഒരു വിധം കുത്തനെയുള്ള ഇറക്കം ഇറങ്ങി. ഏതാണ്ട് സമതലത്തിൽ എത്തി. ഇതിനിടയിൽ കണ്ട ഒരു കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. ഗൗരി കുണ്ട് കഴിഞ്ഞു കുറച്ചു മുന്നോട്ടു വന്നപ്പോൾ ഒരു തടാകം മുഴുവൻ ഐസ് മൂടി കിടക്കുന്നുണ്ടായിരുന്നു. ഇതാണ് കുബേർ കുണ്ട്. ഗൗരി കുണ്ട് ഐസ് മൂടാതെ, കുബേർ കുണ്ട് ഐസ് മൂടി, രണ്ടും തമ്മിൽ വലിയ അകലം ഇല്ല. പ്രകൃതിയുടെ ഈ വികൃതി കണ്ട് അത്ഭുതം തോന്നിയപ്പോൾ, ഞങ്ങളോടൊപ്പം വന്ന ഹൈദരാബാദ് സ്വദേശികൾ ആയ ഡോക്ടർമാർ പറഞ്ഞത്, " ഇവിടെ ശാസ്ത്രത്തിനും, യുക്തിക്കും യാതൊരു പ്രസക്തിയുമില്ല ". ഞങ്ങൾക്ക് പലതിന്റെ പൊരുളും മനസ്സിലാക്കാൻ കഴിയുന്നില്ല. അത്ഭുതങ്ങൾ മാത്രം, എന്നാണ്.പെട്ടെന്നാണ് എന്റെ പോർട്ടർ എയ്ഞ്ചലിന്റെ ശബ്ദം കേട്ടത് "സാർ danger point കഴിഞ്ഞു. ഇനി സമാധാനം ആയിട്ട് നടക്കാം "എന്ന്. അപ്പോൾ ആണ് തലേ ദിവസം രാത്രി ഭക്ഷണം കഴിഞ്ഞു നടന്ന മീറ്റിംഗിൽ പറഞ്ഞു തന്ന നിർദേശങ്ങൾ ഓർമ വന്നത്. അധികം നിൽക്കരുത്, ഓക്സിജൻ കുറവായത് കൊണ്ട്, ചിലപ്പോൾ ബുദ്ധിമുട്ട്

തോന്നിയേക്കാം. ഫോട്ടോ എടുക്കാൻ അധികം സമയം കളയരുത്. ഡോൾമ കയറിയാൽ,പരമാവധി വേഗം ഇറങ്ങണം. സമതല പ്രദേശം എത്തിയാൽ പിന്നെ പേടിക്കേണ്ട. ഏതായാലും ഓക്സിജൻ സിലിണ്ടർ ഉപയോഗിക്കാതെ തന്നെ, യാതൊരു ബുദ്ധിമുട്ടും കൂടാതെ, ഡോൾമ തരണം ചെയ്തല്ലോ, എന്നൊരു ആശ്വാസം തോന്നി. ഒപ്പം ഒരു സംശയവും. ഞാൻ കയറിയത് ശരിയായ വഴി അല്ലെ. പറഞ്ഞു കേട്ട ബുദ്ധിമുട്ട് എനിക്ക് ഉണ്ടായില്ല. നമുക്ക് കുറച്ച് ഇരുന്നിട്ട് വിശ്രമിച്ച് പോകാം, എന്ന് എയ്ഞ്ചൽ പറഞ്ഞപ്പോഴാണ്, സകല കടമ്പകളും തരണം ചെയ്ത് ഞാൻ താഴ് വാരത്തിൽ എത്തിയിരിക്കുന്നു, എന്ന് അറിഞ്ഞത്. മഹാദേവനും, ഗുരുവായൂരപ്പനും ഒപ്പം നടന്ന് എന്റെ കൈപിടിച്ച് കയറ്റി, ഇറക്കി, സുരക്ഷിതമായി എന്നെ ഇവിടെ എത്തിച്ചിരിക്കുന്നു. എന്റെ കണ്ണീർ അടക്കാൻ ആയില്ല. ഒരു സുപ്രധാന ഘട്ടം കഴിഞ്ഞിരിക്കുന്നു. കാപ്പി വേണോ. എയ്ഞ്ചൽ ചോദിച്ചു. അപ്പോൾ ആണ് ഓർത്തത്. വെളുപ്പിന് മുതൽ ഇത് വരെ ഒന്നും കഴിച്ചില്ലല്ലോ എന്ന്. ജ്യൂസ് കുടിച്ചോളാം. ആപ്പിൾ ഉണ്ട്. അത് മതി. അന്തരീക്ഷം മേഘാവൃത മായത് പോലെ. മഴ പെയ്യുമോ. ഒരു ശങ്ക. അല്പം ആ ടീ ഹൌസ് പരിസരത്തു ഒരു പാറ കല്ലിൽ, മറ്റു കുക്കിംഗ് ടീമിന്റെ കൂടെ വിശ്രമിച്ച ശേഷം നടത്തം തുടങ്ങി.നടക്കുമ്പോൾ ആണ് ഓർത്തത്. ഇത് വരെ എത്ര സമയം എടുത്തു. 7.45 ന് നടന്നു തുടങ്ങിയ ഞാൻ 11.35 ആവുമ്പോൾ ഡോൾമ ലാ കയറി മുകളിൽ എത്തി. ഉച്ചക്ക് 1.05 ന് ടീ ഹൌസിൽ എത്തി. ഇറങ്ങി വരുന്നവർക്ക് ടീ ഹൌസ് വലിയ സഹായം ആണ്. അത്യാവശ്യം ഭക്ഷണം, കുടിവെള്ളം, എല്ലാം കിട്ടുന്ന കടകൾ ഉണ്ട്. ഞാൻ കയ്യിൽ കരുതിയിരുന്നത് കാരണം അകത്തേക്ക് കയറിയില്ല. നടന്നു ചെറിയ ഒരു അരുവിക്കു കുറുകെയുള്ള പാലം കടന്നു കുറച്ചു പോയപ്പോഴേക്കും, മഴ തുടങ്ങി. ആലിപ്പഴം വീണു തുടങ്ങി. നനഞ്ഞാൽ പണി പാളും. അപ്പോൾ ആണ് ഓർമ വന്നത്. എന്റെ മഴക്കോട്ട് പോർട്ടർടെ കയ്യിലുള്ള ബാഗിൽ ആണ്. എന്റെ ബാഗിൽ വെള്ളവും ബിസ്കറ്റ് മാത്രമേ ഉള്ളൂ. വേഗം തിരിച്ചു നടന്നു. കാൽ നീങ്ങുന്നില്ല. വേഗം പോണം എന്ന് മനസ്സ് പറയുന്നു, പക്ഷെ കാൽ കൂടെ വരുന്നില്ല. എനിക്ക് വയ്യ. ഞാൻ പതുക്കെയേ ഉള്ളൂ, എന്ന് പറയുന്നത് പോലെ. അപ്പോഴേക്കും പോർട്ടർ എത്തി, മഴക്കോട്ട് തന്നു. അതും ധരിച്ചു നടത്തം സാവകാശം തുടർന്നു. അവിടെ ചില നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നത് കണ്ടു. ഇതിന്റെ ആവശ്യത്തിന് മണ്ണ് കയറ്റി പോകുന്ന വലിയ വലിയ ലോറികൾ, ഓടുന്നത് കാരണം, റോഡ് ആകെ ചളി പിളി ആയി കിടക്കുകയാണ്. നനവ് ഇല്ലാത്ത സ്ഥലത്ത് കൂടി പോകുമ്പോൾ പൊടി പറക്കുന്നുണ്ടായിരുന്നു. കുറച്ച

കിലോമീറ്റർ സഞ്ചരിച്ചപ്പോൾ കൈലാസ്സാഥന്റെ കിഴക്കേ മുഖം ദൃശ്യമായി. മലകൾക്കിടയിലൂടെ കാണാമായിരുന്നു. ക്ഷീണം കുറേശെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. എവിടെ എങ്കിലും ഒന്ന് ഇരുന്നു വിശ്രമിച്ചു പോകാം എന്ന് തോന്നി. ഉടനെ തോന്നി, വേണ്ട, കുറച്ചു കൂടി നടന്നാൽ ക്യാമ്പ് ആവും. അവിടെ ചെന്നാൽ ഇന്ന് ഇനി വേറെ പണി ഒന്നും ഇല്ലല്ലോ. ഇരുന്നാൽ ക്ഷീണം കൂടും. ഇങ്ങനെ ഓരോ ചിന്തകൾ മനസ്സിൽ വന്നു കൊണ്ടേ ഇരുന്നു. അറിയാതെ നടന്നു. കുറച്ചു പോയപ്പോൾ ഒരു കുതിരക്കാരനെ കണ്ടു. സുതുൾഫുക് എത്ര പോണം, എന്ന് ചോദിച്ചപ്പോൾ, ഒരു രണ്ടു കിലോമീറ്റർ നടന്നാൽ മതി എന്ന് പറഞ്ഞു. സമാധാനം ആയി. അത്രയല്ലേ വേണ്ടു. പ്രകൃതി ഭംഗി ആസ്വദിച്ചു, തൊട്ട് അപ്പുറത് ഒഴുകുന്ന പുഴയും, ദൂരെ മഞ്ഞ് മൂടിയ മലകളും കണ്ട് നടന്നു. മൂന്നു കിലോമീറ്റർ എങ്കിലും നടന്നു കാണും, ക്യാമ്പിന്റെ ഒരു ലക്ഷണവും കാണുന്നില്ല. റോഡ് നീണ്ടു പോകുന്നു. ഇടക്ക് ലോഡ് കയറ്റിയ ലോറികൾ ഓടുന്നു. ഇടക്ക് ലോഡ് കയറ്റാൻ വരുന്ന ലോറികൾ പൊടി പറത്തി ഓടുന്നു. ഇടക്ക് കുതിര പുറത്ത് സഞ്ചാരികൾ പോകുന്നു. എന്റെ നടത്തം തുടർന്നു. അപ്പോൾ ആണ് എയ്ഞ്ചൽ കൂടെ എത്തി. എയ്ഞ്ചലിനോട് ചോദിച്ചു, ഇനി എത്ര ദൂരം പോകണം ക്യാമ്പിലേക്ക്. അഞ്ചു കിലോമീറ്റർ എന്ന മറുപടി. മനസ്സ് ആകെ ഇടിഞ്ഞു പോയി. എന്റെ കൃഷ്ണാ, ഇനിയും അഞ്ചു കിലോമീറ്ററോ. എത്തും എന്ന് തോന്നുന്നില്ല. മനസ്സിൽ മടുപ്പ് തോന്നി. അവിടെ ഏതായാലും അവിടെ എത്താതെ രക്ഷയില്ല, നടക്കുക തന്നെ. നടന്നു തുടങ്ങി. കുറച്ചു പോയപ്പോൾ ചെറിയ കടകൾ കണ്ടു. ഇനി അധികം ദൂരം കാണില്ല. നടന്നു കൊണ്ടേ ഇരുന്നു. ഇതിനിടയിൽ ചില കാഴ്ചകൾ കാണാൻ കഴിഞ്ഞു. മല മുകളിൽ യാക്കിൻ കൂട്ടങ്ങൾ മേയുന്നുണ്ടായിരുന്നു. കൂട്ടം തെറ്റി മേയുന്ന യാക്കുകളെ, കുതിര പുറത്ത് സഞ്ചരിച്ചു കൊണ്ട് ഒരു ചെറുപ്പക്കാരൻ, കൂട്ടത്തിലേക്ക് ചേർക്കുന്നത് കണ്ടു. ഇത്തരം ആൾക്കാർ താമസിക്കുന്ന ചില ഷെഡുകൾ വഴിയരികിൽ കാണാൻ കഴിഞ്ഞു. മിക്കവാറും ഷെഡുകളിൽ സോളാർ പാനൽ പിടിപ്പിച്ചിട്ടുണ്ട്. ഒരു വലിയ പിക്കപ്പ് അടുത്ത് തന്നെ പാർക്ക് ചെയ്തിട്ടുണ്ട്. ചിലർ മോട്ടോർ സൈക്കിൾ ഉപയോഗിച്ച് യാക്കിന്റെ പുറകെ ഓടുന്നുണ്ടായിരുന്നു. ഇതെല്ലാം ആസ്വദിച്ചു നടക്കുമ്പോൾ എയ്ഞ്ചൽ പറഞ്ഞു, ഇനി അധികം ദൂരമില്ല. ആ കയറ്റം കയറി ഇറങ്ങി, വളവ് കഴിഞ്ഞാൽ ക്യാമ്പ് ആയി. പാലം കയറേണ്ട. അങ്ങനെ ഒരു വിധം ക്യാമ്പിൽ എത്തിപ്പെട്ടു. നല്ല കെട്ടിടം. കുതിര പുറത്ത് വന്ന സഹ യാത്രികർ എല്ലാവരും അവിടെ ഉണ്ടായിരുന്നു. ചെന്ന ഉടനെ ഫ്ലാസ്കിൽ നിന്ന് ചൂട് ചായ തന്നു. ഞങ്ങൾ 7 പേർക്ക് ഒരു മുറി തന്നിരുന്നു. ശിവദാസ് കുതിര

പുറത്ത് വന്ന ആളായതിനാൽ നേരത്തെ മുറിയിൽ ബാഗ് വെച്ചിട്ടുണ്ട്. അതെ മുറിയിൽ ഞാനും കൂടി. എത്തുമ്പോഴേക്കും വിയർത്തു കുളിച്ചിരുന്നു. പക്ഷെ ക്ഷീണം കാരണം കട്ടിലിൽ വീണു എന്ന് പറയുന്നതാവും ശരി. ഹരിയുടെ ശബ്ദം കേട്ടാണ് മയക്കത്തിൽ നിന്ന് ഉണർന്നത്. പിന്നീട് സഹയാത്രികർ ആയി സന്തോഷം പങ്കു വെച്ചു. ഓരോരുത്തരും അവരവരുടെ അനുഭവങ്ങൾ പറഞ്ഞു. ഇതിനിടയിൽ ഞങ്ങളുടെ കൂടെ വന്ന മഹാരാഷ്ട്ര ടീമിലെ ഒരു യാത്രികൻ എന്റെ കാലിൽ തൊട്ടു നമസ്കരിച്ചു. "അങ്ങ് കാരണം എനിക്ക് കൂടി പരിക്രമണം സാധിച്ചു. ഈശ്വരൻ അങ്ങയെ അനുഗ്രഹിക്കട്ടെ "എന്നൊക്കെ പറഞ്ഞു. ഞാൻ ഞങ്ങളുടെ ഗ്രൂപ്പ് ലീഡർ ശ്രീജിത്തിനെ കാണിച്ചു കൊടുത്തു, എന്നിട്ട് പറഞ്ഞു. ഇദ്ദേഹം കാരണം ആണ് ഞാൻ വന്നത്. ക്രെഡിറ്റ് ഇദ്ദേഹത്തിനാണ് എനിക്കല്ല. വേഗം ശ്രീജിത്തിന്റെ അടുത്ത് ചെന്ന് കൈ പിടിച്ചു സന്തോഷം പ്രകടിപ്പിച്ചു. നേപ്പാൾ എത്തുന്നത് വരെ ആ മനുഷ്യൻ എന്നോട് നന്ദി പറഞ്ഞു കൊണ്ടേ ഇരുന്നു. രാത്രി പൊടിയരി കഞ്ഞി, സൂപ്പ്, ചമ്മന്തി പൊടി, ചുട്ട പപ്പടം എന്നിവയോടെ അത്താഴം കഴിച്ചു കിടന്നു. ഇതിനിടക്ക് മഴ പെയ്തു. കാലാവസ്ഥ ഞങ്ങളുടെ യാത്രക്ക് യാതൊരു തടസ്സവും സൃഷ്ടിച്ചില്ല. കിടന്നതേ ഓർമ്മയുള്ളൂ. വെളുപ്പിന് അലാറം അടിക്കുന്നത് വരെ അന്തം വിട്ട് ഉറങ്ങി.

വെളുപ്പിന് ഉണർന്നു. പുറത്ത് ഡ്രമ്മിൽ ചൂട് വെള്ളം വെച്ചിരിക്കുന്നു. പ്രഭാത കൃത്യങ്ങൾക്ക് ശേഷം ഒരു ചൂട് ചായ കുടിച്ച് നടത്തം തുടങ്ങി. സമയം 7. 10 ആയെങ്കിലും നല്ല ഇരുട്ട് ആണ്. മൊബൈലിന്റെ വെളിച്ചത്തിൽ നടത്തം തുടങ്ങി. ചിലർ ടോർച്ചുപയോഗിക്കുന്നുണ്ടായിരുന്നു. മറ്റു ചിലർ ഹെഡ് ടോർച്ചിന്റെ വെളിച്ചത്തിൽ നടന്നു. നിരപ്പായ സ്ഥലം. വെളുപ്പാൻ കാലത്ത്, സുഖശീതളമായ അന്തരീക്ഷത്തിൽ നടക്കുമ്പോൾ നല്ല ഉഷാർ തോന്നി. ഇന്ന് ആകെ 9 കിലോമീറ്റർ നടന്നാൽ മതി എന്നാണ് പറഞ്ഞത്.ചെറിയ കയറ്റങ്ങൾ ഇല്ലാതില്ല. പക്ഷെ വഴി തെളിഞ്ഞതും വീതി ഉള്ളതും ആയിരുന്നു. വേണമെങ്കിൽ കാർ സുതുൾഫുക് വരെ കൊണ്ട് വരാം.നേരം വെളുത്തു തുടങ്ങി. അപ്പോഴാണ് ഇടതു വശത്തു കൂടി സാമാന്യം നല്ല ഒഴുക്കുള്ള ഒരു നദി ഒഴുകുന്നത് കണ്ടു.ഇന്ന് പരിക്രമണത്തിന്റെ മൂന്നാം ദിവസം. ഇന്നത്തോടെ പരിക്രമണം അവസാനിക്കുന്നു. ചോങ്ട്ടു എന്ന സ്ഥലം വരെ നടന്നാൽ മതി. അവിടെ ബസ് വരും കൊണ്ട് പോകാൻ, എന്നാണ് അറിയിച്ചത്. ദർച്ചനിൽ മുൻപ് താമസിച്ച അതെ

ലോഡ്ജിൽ തന്നെ ആണ് താമസം ഏർപ്പെടുത്തിയിട്ടുള്ളത്. അവിടെ എത്തി, വിസ്തരിച്ച് കുളിച്ചിട്ട് വേണം, പ്രഭാത ഭക്ഷണം കഴിക്കാൻ. പരിക്രമണം തുടങ്ങുന്നതിനു മുൻപ് കുളിച്ചതാണ്. അന്ന് ധരിച്ച വസ്ത്രങ്ങൾ ആണ് ശരീരത്തിൽ ഉള്ളത്. തണുത്ത അന്തരീക്ഷം ആയതിനാൽ, നാറ്റം ഇല്ല. ജീവിതത്തിൽ ഒരിക്കലും ചെയ്യാത്ത ഒരു കാര്യം ആണ്. ഒരേ ഡ്രസ്സ് മൂന്നു ദിവസം ധരിക്കുക എന്നത്. ഇവിടെ വേറെ നിവൃത്തി ഇല്ല.നടന്നു കൊണ്ടിരിക്കുമ്പോൾ പ്രകാശം കൂടി കൂടി വന്നു. നടത്തത്തിന് വേഗം കൂടി. കാര്യമായ കയറ്റങ്ങൾ ഉണ്ടായിരുന്നില്ല. മനോഹരമാണ് ഭൂപ്രകൃതിയും ദൃശ്യങ്ങളും. പുഴക്ക് അക്കരെ നല്ല വീതിയുള്ള റോഡ് കാണാമായിരുന്നു. എങ്ങോട്ട് ആണ് പോകുന്നത് എന്ന് അറിഞ്ഞില്ല. ചിലപ്പോൾ അത് വഴി ടിപ്പർ ലോറികൾ പോകുന്നത് കാണാമായിരുന്നു. കുറച്ചു ദൂരെ, കടകൾ കണ്ടു. എയ്ഞ്ചൽ പറഞ്ഞു, അതാണ് ചോങ്ട്ടു. അവിടെ വരെ നടന്നാൽ മതി. ബസ് അവിടെ വരും. നടത്തതിന് സ്പീഡ് കൂടി. അവിടെ എത്തിയപ്പോൾ കുക്കിംഗ് ടീം അവിടെ ഉണ്ടായിരുന്നു. കുത്തി നടക്കാൻ തന്ന വടി അവരെ തിരിച്ചു ഏൽപ്പിച്ചു. ചോങ്ട്ടു വിൽ ഒന്ന് രണ്ടു കടകൾ ഉണ്ട്. ഉയർന്ന പ്രദേശം ആയത് കൊണ്ട്, ചുറ്റും നല്ലത് പോലെ കാണാമായിരുന്നു. ദൂരെ രാക്ഷസ് താൾ ദൃശ്യമായിരുന്നു. ഞങ്ങളുടെ ഗ്രൂപ്പിൽ പെട്ട യാത്രികർ എത്തി തുടങ്ങി. പരസ്പരം കെട്ടിപ്പിടിച്ചു, ഹസ്തദാനം ചെയ്തും, പരിക്രമണം പൂർത്തിയാക്കിയതിന്റെ സന്തോഷം പങ്കു വെച്ചു. ബോംബെക്കാരൻ വീണ്ടും വന്നു എന്റെ കൈ പിടിച്ചു കണ്ണിൽ വെച്ചു. എന്നിട്ട് പറഞ്ഞു, അങ്ങ് വന്നത് കൊണ്ടാണ് എനിക്ക് പോകാൻ ആയത്. ഞാൻ പറഞ്ഞു, അങ്ങക്ക് യോഗം ഉണ്ട്. അത് കൊണ്ട് പോയി. ഞാൻ ഇവിടെ അപ്രസക്തൻ ആണ്. മഹാദേവൻ അങ്ങയെ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞു യാത്ര പിരിഞ്ഞു. ബസ് എത്തിയപ്പോഴേക്കും, ഞങ്ങളുടെ ഗ്രൂപ്പിൽ ഉള്ള എല്ലാ യാത്രികരും എത്തി കഴിഞ്ഞു. സമയം 9 മണി ആയപ്പോൾ ബസ് ലോഡ്ജിലേക്ക് പുറപ്പെട്ടു. 9.40 ന് ലോഡ്ജിൽ എത്തി. ആദ്യ ദിവസത്തെ പരിക്രമണം കഴിഞ്ഞു, ദിറാപുകിൽ നിന്ന് ദർച്ചനിൽ ലോഡ്ജിൽ എത്തിയ, ഞങ്ങളുടെ സഹ യാത്രികരിൽ എന്റെ സഹ ധർമ്മിണിയും ഉണ്ട്. അവരെ കാണാനും, സന്തോഷം പങ്ക് വെക്കാനും തിടുക്കമായി. ഞങ്ങൾ പ്രഭാത ഭക്ഷണത്തിനു. മൂന്നാം നിലയിൽ എത്തിയപ്പോൾ, കൈലാസ നാഥന്റെ തെക്കേ മുഖം വെട്ടി തിളങ്ങി നിൽക്കുന്നു. മനസാ സ്മരിച്ചു, ഭക്ഷണം കഴിക്കാൻ ഇരുന്നു. അപ്പോഴേക്കും 6 പേർ ഓടി എത്തി. ഞങ്ങൾ വിശേഷങ്ങൾ പങ്ക് വെച്ചു, ഭക്ഷണം കഴിഞ്ഞു അവരവരുടെ മുറികളിൽ പോയി. വിസ്തരിച്ചു കുളിച്ചു റെഡിയായി. ഇന്ന് ഇവിടെ

താമസം ആണ്. നാളെ കാലത്ത് നേരെ സാഗ. അന്ന് അവിടെ ക്യാമ്പ്. അടുത്ത ദിവസം സാഗയിൽ നിന്ന് കാഠ്മണ്ടു വരെ ദീർഘമായ യാത്ര. അടുത്ത ദിവസം നേപ്പാൾ ദർശനവും വിശ്രമവും. 19 ന് കാലത്ത് നാട്ടിലേക്ക് മടക്കം. ഇതാണ് പ്ലാൻ. വൈകുന്നേരം കുക്കിംഗ് ടീമിന് ഞങ്ങളുടെ ഗ്രൂപ്പ് വക സ്നേഹോപഹാരം ഗ്രൂപ്പിലെ മുതിർന്ന അംഗമായ ജയശ്രീ ഓപ്പോൾ നൽകി. ഗ്രൂപ്പിലെ എല്ലാവരും കുക്കിംഗ് ടീമിനെ വാനോളം പുകഴ്ത്തി സംസാരിച്ചു. അത്രയും നല്ല സേവനം ആണ് നൽകിയിരുന്നത്. അടുത്ത ദിവസം ഈ ടീം മറ്റൊരു ഗ്രൂപ്പിന്റെ കൂടെ ദിരാപുക് പോകും.നാളെ കാലത്ത് പ്രഭാത ഭക്ഷണം തന്ന ശേഷം, ഉച്ചക്ക് ഉള്ള ഭക്ഷണം പാക്ക് ചെയ്തു ബസിൽ വെച്ചു തരും. പോകുന്ന വഴിയിൽ വണ്ടി നിറുത്തി ഞങ്ങൾ തന്നെ വിതരണം ചെയ്യാൻ വേണ്ട സൗകര്യം ചെയ്യണം. സാഗയിൽ മറ്റൊരു കുക്കിംഗ് ടീം ഉണ്ട്. അവരും ഞങ്ങളെ കാഠ്മണ്ടുവിലേക്ക് യാത്രയാക്കി തിരിച്ചു ദർച്ചനിൽ വേറൊരു ഗ്രൂപ്പിന്റെ കൂടെ വരും. ഇതാണ് പരിപാടി. രാത്രി ഭക്ഷണം കഴിഞ്ഞു സുഖമായി ഉറങ്ങി.

കാലത്ത് 9.30 മണിക്ക് ബസ് പുറപ്പെട്ടു. മാനസ സരസിന്റെ കരയിൽ ബസ് നിറുത്തി. ഇവിടെ നിന്ന് ബസ് മാറി കയറി വേണം പോകാൻ. നല്ല തണുപ്പ്. എല്ലാവരും ചേർന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. തണുപ്പ് സഹിക്കാൻ വയ്യ. നേരെ ബസിൽ കയറി ഇരുന്നു. എല്ലാവരും കയറിയപ്പോൾ ബസ് വിട്ടു. ഇന്നത്തെ ക്യാമ്പ് സാഗ. ഇങ്ങോട്ട് വന്ന അതെ വഴിയിലൂടെ തന്നെ ആണ് തിരിച്ചു പോകുന്നത്. ഒരു വ്യത്യാസം മാത്രം. ആകാംക്ഷഭരിതരായി വന്നവർ ആശ്വാസത്തോടെ പോകുന്നു എന്ന് മാത്രം. വെളുപ്പാൻ കാലം ആയതിനാൽ ഇപ്രാവശ്യം കൂടുതൽ കിയാങ്ങിനെ (കാട്ടു കഴുത )കാണാൻ കഴിഞ്ഞു. കാട്ടു യാക്കുകളും മേയുന്നുണ്ടായിരുന്നു. ഒരു സ്ഥലത്ത് ധാരാളം S. U. V വാഹനങ്ങൾ നിറുത്തി ഇട്ടിരിക്കുന്നത് കണ്ടു. കൗതുകം കൊണ്ട് നോക്കിയപ്പോൾ കണ്ടത്, കുതിര പന്തയം ആയിരുന്നു. ഉടമസ്ഥന്മാർ വളർത്തുന്ന യാക്കുകളും, ചെമ്മരിയാടുകളും, കൂട്ടം കൂട്ടമായി മേയുന്നത് കണ്ടു. ഉടമസ്ഥന്മാരുടെ കൂടാരങ്ങളും, പല സ്ഥലത്തും, കെട്ടി പൊക്കിയിരിക്കുന്നത് കാണുവാൻ കഴിഞ്ഞു. ഈ കൂടാരങ്ങൾക്കൊക്കെ നടുവിൽ ഒരു പുകക്കുഴൽ ഉണ്ടായിരുന്നു. സോളാർ പാനൽ എല്ലാ കൂടാരങ്ങളിലും സ്ഥാപിച്ചിരുന്നു. മിക്കവാറും കൂടാരങ്ങൾക്ക് മുന്നിൽ ഒരു പിക്കപ്പ് വാൻ പാർക് ചെയ്തിട്ടുണ്ടായിരുന്നു. കണ്ണെത്താ ദൂരത്തു മഞ്ഞ് മൂടിയ മല നിരകൾ കാണുവാൻ കഴിഞ്ഞു. ഇവ കാണാൻ ഇവിടെ തന്നെ

വന്നാലേ പറ്റു. അത്ര അധികം ആണ് മഞ്ഞ് മലകൾ. ഇങ്ങോട്ട് പോരുമ്പോൾ നിറുത്തിയ അതെ സ്ഥലത്ത് ബസ് നിറുത്തി. അടിയിൽ സൂക്ഷിച്ചിരുന്ന ഡെസ്കുകൾ പുറത്ത് നിരത്തി. ഭക്ഷണം നിറച്ച പാത്രങ്ങൾ അതിനു മുകളിൽ വെച്ചു. പേപ്പർ പ്ലേറ്റ് എടുത്തു ഓരോരുത്തർക്കും ഭക്ഷണം വിളമ്പി. എല്ലാവരും ഭക്ഷണം കഴിച്ച ശേഷം ബസ് സാഗയിലേക്ക് പുറപ്പെട്ടു. വൈകുന്നേരം 6 മണിക്ക് സാഗയിൽ എത്തി. ഇത്തവണ താമസിക്കാൻ ഏർപ്പാട് ചെയ്തിരുന്നത് വേറൊരു ലോഡ്ജിൽ ആണ്. അങ്ങോട്ട് പോകുമ്പോൾ താമസിച്ച ലോഡ്ജ് അല്ല. സൗകര്യങ്ങൾക്ക് കുറവില്ല എന്ന് മാത്രമല്ല, കുറച്ചു കൂടി പുതിയ ബിൽഡിംഗ് ആയിരുന്നു. ഇവിടെയും നല്ല കുക്കിംഗ് ടീം ഉണ്ടായിരുന്നു. മുറിയിൽ കയറി അധികം വൈകാതെ ചൂട് ചായ കിട്ടി. അത്താഴം വളരെ മികച്ചതായിരുന്നു. രാത്രി മീറ്റിംഗ് കൂടി അടുത്ത ദിവസത്തെ പരിപാടിയെ കുറിച്ച് സൂചിപ്പിച്ചു. വെളുപ്പിന് പുറപ്പെടണം. പ്രഭാത ഭക്ഷണം പൊതിഞ്ഞു തരും. വിശക്കുമ്പോൾ കഴിക്കാം. ഉച്ച ഭക്ഷണം ബസിൽ ഉണ്ടാവും. ഉച്ചക്ക് നിറുത്തുമ്പോൾ സ്വയം എടുത്തു കഴിക്കണം. ഈ കുക്കിംഗ് ടീം മറ്റൊരു ഗ്രൂപ്പിന്റെ കൂടെ മാനസ സരോവർ പോവുകയാണ് അടുത്ത ദിവസം. ഞങ്ങൾ കാത്മണ്ടുവിലേക്കും കുക്കിംഗ് ടീം മാനസ സരോ വറി ലേക്കും പോകും. ആധുനിക സൗകര്യങ്ങൾ ഉള്ള ലോഡ്ജ് ആയതിനാൽ ഉറക്കം തടസ്സപ്പെട്ടില്ല.

വെളുപ്പിന് എഴുന്നേറ്റു പ്രഭാത കൃത്യങ്ങൾക്ക് ശേഷം കുക്കിംഗ് ടീം തന്ന ചായ കുടിച്ച്, അവർ തന്ന പ്രഭാത ഭക്ഷണത്തിന്റെ പൊതി കയ്യിലെടുത്തു ബസിൽ കയറി. 5.30 am ന് ബസ് പുറപ്പെട്ടു.ചുറ്റും നല്ല ഇരുട്ട് ആയിരുന്നു. റോഡിൽ ധാരാളം മുയലുകളെ കണ്ടു. ചില സ്ഥലത്ത് മുയലുകൾ വാഹനം തട്ടി ചത്തു കിടക്കുന്നത് കണ്ടു. ഒന്ന് രണ്ട് സ്ഥലത്ത് കാട്ടു യാക്കുകൾ റോഡരികിൽ നിന്ന് പുല്ല് തിന്നുന്നുണ്ടായിരുന്നു. ഇങ്ങോട്ട് വന്ന അതെ വഴി തന്നെ.സുമാർ 8 മണിക്ക്, വിദേശത്ത് ഉള്ളത് പോലുള്ള ഒരു Service സെന്ററിന് മുന്നിൽ ബസ് നിറുത്തി. നല്ല മഞ്ഞ് ഉണ്ടായിരുന്നു. പുറത്ത് നല്ല തണുപ്പ് അനുഭവപ്പെട്ടു. അത്യാവശ്യം മൂത്രം ഒഴിക്കാനും, പ്രഭാത ഭക്ഷണം കഴിക്കാനും ആണ് ബസ് നിറുത്തിയത്. കുറച്ചകലെ ഒരു പുഴ ഒഴുകുന്നുണ്ടായിരുന്നു. വെള്ളത്തിന് നല്ല തണുപ്പ് ആയിരുന്നു. ബസ് പുറപ്പെട്ടു കുറച്ചു കഴിയുമ്പോഴേക്കും മഴ തുടങ്ങി. കുന്നിൻ മുകളിൽ മാൻ വർഗ്ഗത്തിൽ പെട്ട ചില ജീവികൾ കൂട്ടമായി മേയുന്നത് കണ്ടു .

മഴ ഇടക്കിടക്ക് പെയ്തുകൊണ്ടിരുന്നു. ഞങ്ങളുടെ യാത്രക്ക് യാതൊരു ബുദ്ധിമുട്ടും വരുത്തിയില്ല. സുമാർ 10.30 ആവുമ്പോൾ ന്യാലം പട്ടണം കടന്നു. മഴ പെയ്തത് കാരണം, പുഴയിൽ ധാരാളം വെള്ളം ഒഴുകുന്നുണ്ടായിരുന്നു. വഴിയരികിൽ മല മുകളിൽ നിന്ന് ധാരാളം വെള്ളച്ചാട്ടങ്ങൾ കാണാൻ കഴിഞ്ഞു. മനോഹരമായ കാഴ്ചകൾ തന്നെ ആയിരുന്നു. വഴിയിൽ ചില സ്ഥലത്തു കൊയ്ത്ത് നടക്കുന്നുണ്ടായിരുന്നു. കൊയ്ത്തിനു ശുഭ മുഹൂർത്തം ആണോ എന്ന് തോന്നുമാറ്, കുറെ സ്ഥലത്ത്, മെഷീൻ ഉപയോഗിച്ച് കൊയ്ത്ത് നടക്കുന്നുണ്ടായിരുന്നു. ഗോതമ്പ്, നെല്ല് എന്നിവ ആണ് വിളകൾ. ഈ കൊയ്ത്തുത്സവം പല സ്ഥലത്തും ആവർത്തിച്ചു.കുറെ കിലോമീറ്ററുകൾ യാത്ര ചെയ്യുമ്പോൾ ഈ കൊയ്ത്ത് പരിപാടി നടക്കുന്നത് കണ്ടു. സ്ത്രീകളും പുരുഷന്മാരും കൊയ്യാൻ ഉണ്ടായിരുന്നു. കൊയ്ത്ത കറ്റകൾ കൊണ്ട് പോകാൻ പിക്കപ്പുകളും, ട്രാക്ടർകളും, ചില സ്ഥലങ്ങളിൽ ഓട്ടോറിക്ഷ പോലത്തെ ഇലക്ട്രിക് വണ്ടികളും ഉണ്ടായിരുന്നു. വെള്ളച്ചാട്ടങ്ങൾ എണ്ണിയാൽ തീരാത്ത അത്ര ഉണ്ടായിരുന്നു. അരികിലൂടെ ഒഴുകുന്ന നദിയുടെ ഹുങ്കാര ശബ്ദം മുകളിലേക്ക് കേൾക്കാമായിരുന്നു. അത്രക്ക് ഭീകരമായിരുന്നു ഒഴുക്ക്. പോകുന്ന വഴിയിൽ കണ്ടതൊക്കെ തട്ടി തെറിപ്പിച്ചുള്ള ഒഴുക്ക്. പല സ്ഥലത്ത് നിന്നും ആർത്തലച്ചു വീഴുന്ന വെള്ളച്ചാട്ടങ്ങൾ. വെള്ളം കുടി കൊണ്ടേയിരുന്നു. സുമാർ 10.30 ന് കൊടാരി ബോർഡർന് തൊട്ടു മുൻപുള്ള പോലീസ് ചെക് പോസ്റ്റിൽ എത്തി. നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ബസ് പോലുള്ള വലിയ വാഹനങ്ങൾ 12.30 ന് ശേഷമേ പോകാൻ അനുവദിക്കുകയുള്ളു. വേറെ വഴിയില്ല. കാത്തിരിക്കുക തന്നെ. കുറച്ചു പേർ ബസിൽ നിന്നിറങ്ങി പുറകിലേക്ക് നടന്നു. അവിടെ നല്ല ഒരു വെള്ളച്ചാട്ടം ഉണ്ടായിരുന്നു. ഫോട്ടോ എടുക്കലും, മുഖം കഴുകലും ഒക്കെ ആയി സമയം ചിലവഴിച്ചു. കൃത്യം 12.30 ന് പോകാൻ അനുവാദം കിട്ടി. പുറപ്പെട്ടു. അടുത്ത ചെക്കിങ് പോയിന്റിൽ ബസ് തടുത്തിട്ടു. കുറെ നേരം കാത്തു നിൽക്കേണ്ട അവസ്ഥ ഉണ്ടായി. മുന്നേ വാനിൽ പോയ ഞങ്ങളുടെ ടൂർ കോർഡിനേറ്റർ വന്നു സംസാരിച്ച ശേഷമേ ബസിന് പോകാൻ പറ്റിയുള്ളൂ.കൊടാരി ബോർഡറിൽ ബസ് ഇറങ്ങി. ഇനി ചൈനക്കാരുടെ ഇമ്മിഗ്രേഷൻ കഴിഞ്ഞു, നേപ്പാൾ കാരുടെ ചെക് പോസ്റ്റ് കടന്നു വേണം പോകാൻ.ചൈനീസ് ഇമ്മിഗ്രേഷൻ വളരെ സ്മൂത്ത് ആയിരുന്നു. അതിലും സ്മൂത്ത് ആണ് നേപ്പാൾ ചെക്ക് പോസ്റ്റ് പരിശോധന. വെറുതെ കടന്നു പോവുക. ഗേറ്റിനു മുന്നിൽ പിക്ക് അപ്പ് വാൻ ഉണ്ടായിരുന്നു. പുരുഷന്മാർ പുറത്തും സ്ത്രീകൾ അകത്തും ആയി കുറെ ദൂരം സഞ്ചരിച്ചു. ഞങ്ങൾ യാത്ര ഭംഗിയായി

പൂർത്തീകരിച്ചതിന്റെ സന്തോഷത്തിന് പ്രകൃതി പനിനീർ തെളിച്ച് സ്വീകരിക്കുന്നത് പോലെ ചിന്നം പിന്നം മഴ പെയ്തു. പക്ഷെ പിക്കപ്പിലെ യാത്രാനുഭവം, അവർണനീയം ആണ്. തൊട്ടരുകിൽ സംഹാരതാണ്ഡവം ആടി തകർത്തൊഴുകുന്ന ഭേട്കോസി നദി. മുകളിൽ നിന്ന് ഇടക്കിടക്ക് കാണാൻ കഴിയുന്ന വെള്ളച്ചാട്ടങ്ങൾ, ഫോഗ് വന്നു മൂടിയ അന്തരീക്ഷം, ചെറിയ ചാറ്റൽ മഴ. ഹോ, ഒന്നും പറയാൻ വയ്യ. സുമാർ 4 കിലോമീറ്റർ പോയി ക്കാണും. ഒരു ബസ് നില്കുന്നുണ്ടായിരുന്നു. കുറെ പേർ അതിൽ കയറി. ഞങ്ങൾ പിക്കപ്പിൽ യാത്ര തുടർന്നു. താത്തോപാനി എന്ന സ്ഥലത്ത് ഹോട്ടലിന് മുന്നിൽ എത്തി. ഇവിടെ ആണ് ഉച്ച ഭക്ഷണം. സമയം 3 മണി. ഞാൻ ഉണ്ടില്ല. ഒരു ചായ മാത്രം കഴിച്ചു, പുറത്ത് ഇറങ്ങി പ്രകൃതി ഭംഗി ആസ്വദിച്ചു.ഊണ് കഴിഞ്ഞു കുറെ പേർ ബസിലും ഞങ്ങൾ കുറച്ചു പേർ പിക്കപ്പിലും വീണ്ടും യാത്ര തുടർന്നു. സ്വല്പം പോയപ്പോൾ റോഡ് മുറിച്ചു കൊണ്ട് ഒരു വമ്പൻ വെള്ളച്ചാട്ടം. കടന്നു പോവുമ്പോൾ പിക്കപ്പ് ഒഴുകി പോവുമോ എന്ന് ഭയന്നു, അത്രക്ക് ശക്തമായ ഒഴുക്ക് ആയിരുന്നു ആ വെള്ളച്ചാട്ടത്തിന്.പിക്കപ്പിൽ കയറിയ പ്രദേശ വാസികൾ ആരോ പറയുന്നത് കേട്ടു ഈ വെള്ളച്ചാട്ടം മഴക്കാലം കഴിയുന്നത് വരെയേ ഉണ്ടാവുകയുള്ളൂ. പിന്നെ അടുത്ത മഴക്കാലം വരണം, ഇത് പോലെ ഒഴുകാൻ, എന്ന്. പിക്കപ്പ് നിന്നു. ഇനി നടത്തമേ ശരണം. മണ്ണിടിച്ചൽ നടന്ന സ്ഥലത്ത് എത്തി. പ്രദേശ വാസികൾ കൂടെ കൂടി. കൈപിടിച്ച് കയറ്റാൻ. പ്രതിഫലം പറഞ്ഞു ഉറപ്പിച്ചു. ആളൊന്നിനു 100 രൂപ. സത്യം പറഞ്ഞാൽ, ആരുടെയെങ്കിലും കൈ പിടിക്കാതെ ആ മലയിലെ മണ്ണിടിച്ചൽ മറി കടക്കുക എളുപ്പമല്ല. ഒരു ചുവട് തെറ്റിയാൽ കുലം കുത്തി ഒഴുകുന്ന ഭേട്കോസി നദിയിൽ സമാധി ആവും. ഞങ്ങൾ ഒരു വിധം മറി കടന്നു. പിന്നെയും നടക്കണം.വീണ്ടും പിക്കപ്പിൽ യാത്ര തുടർന്നു. പിക്കപ്പിൽ യാത്ര കാരണം ഫോട്ടോ എടുക്കാൻ കഴിഞ്ഞില്ല.സുമാർ 4 കിലോമീറ്റർ പോയിക്കാണും.ഇനി നടന്ന് പോകണം. മണ്ണിടിച്ചൽ ഉണ്ടായതിനാൽ ബസ് കുറെ ദൂരെ ആണ് നിറുത്തിയിരിക്കുന്നത്.6 കിലോമീറ്റർ നടക്കണം എന്നാണ് പറഞ്ഞത്. ഇതിനിടയിൽ രണ്ടു സ്ഥലത്ത് മണ്ണിടിഞ്ഞു റോഡ് ഇല്ല. ചളി പിളി ആയ സ്ഥലത്ത് കൂടി ഞാൻ ലതയുടെ കൈപിടിച്ച് മറി കടന്നു. പിന്നെയും കുറെ നടന്നപ്പോൾ ഒരു വെള്ളച്ചാട്ടത്തിന്റെ വെള്ളം ഒഴുകി റോഡ് തടസ്സം. ഭാഗ്യത്തിന് ഒരു പാലം സൈഡിൽ ഉള്ളത് കൊണ്ട്, അങ്ങോട്ട് പൊത്തിപിടിച്ചു കയറി, റോഡിലൂടെ യാത്ര ഒഴിവാക്കി, മറുകര കടന്നു. വീണ്ടും നടത്തം തുടർന്നു. മഴ പെയ്തത് കാരണം വഴി ആകെ കുഴഞ്ഞു മറിഞ്ഞു കിടക്കുകയാണ്. ഷൂ ഉള്ളത് കൊണ്ട് കുഴപ്പമില്ല. കന്നു പൂട്ടി

വരുന്നത് പോലെ ആയിരുന്നു, കാല് കാണുമ്പോൾ. കുറച്ചു ദൂരം കൂടി നടന്നു ഒരു മണ്ണിടിച്ചൽ കൂടി മറി കടന്നു. അതാ ദൂരെ ബസ് നിൽക്കുന്നു. കണ്ടപ്പോൾ ഉണ്ടായ ആശ്വാസം പറഞ്ഞറിയിക്കാൻ വിഷമം ആണ്. ഒരു വിധം ബസിൽ കയറി പറ്റി. ഒരു ദീർഘ നിശ്വാസം പുറത്ത് വന്നു. ഇനി നടക്കേണ്ടതില്ലല്ലോ.അപ്പോഴേക്കും സമയം വൈകുന്നേരം 5.45.എല്ലാവരും കയറിയ ശേഷം 6 മണിക്ക് യാത്ര പുറപ്പെട്ടു. അങ്ങോട്ട് പോവുമ്പോൾ മണ്ണിടിച്ചൽ കാരണം ഒരു മണിക്കൂർ ബസ് നിറുത്തി ഇട്ടിരുന്ന സ്ഥലത്ത് ആണ് ഇപ്പോൾ ബസ് കയറിയത്, എന്നത് ഡ്രൈവർ പറഞ്ഞപ്പോൾ ആണ് അറിയാൻ കഴിഞ്ഞത്. കുറച്ചു ദിവസം മുൻപ് പെയ്ത മഴയിൽ കുറെ സ്ഥലത്ത് റോഡ് ഇടിഞ്ഞു പോയിരുന്നു. അന്ന് കുറെ കൂടി മുന്നോട്ട് പോകാൻ കഴിഞ്ഞിരുന്നു. ഇന്ന് അത്രയൊന്നും പോകാൻ പറ്റാതെ, ഇപ്പോൾ നിൽക്കുന്ന സ്ഥലം വരെ മാത്രമേ റോഡ് ഉള്ളു. ഏതായാലും ഇത്രയെങ്കിലും വരാൻ പറ്റിയല്ലോ, ഭാഗ്യം. വലിയൊരു കഷ്ടപ്പാടുള്ള യാത്ര കഴിഞ്ഞു, വീണ്ടും കിലോമീറ്ററുകൾ ചളി പിളി അന്തരീക്ഷത്തിൽ നടക്കുക എന്നത്, വല്ലാത്തൊരു ബുദ്ധിമുട്ട് തന്നെ ആണ്. ബസ് ഓടിക്കൊണ്ടിരുന്നു. ഒപ്പം ഭേട്കോസി നദിയും. ആരാണ് ആദ്യം എത്തുക എന്ന് മത്സരിച്ചു ഓടുന്നത് പോലെ തോന്നി. അത്രക്ക് ശക്തമായ ഒഴുക്ക് ആയിരുന്നു. സുകുട്ട് എന്ന സ്ഥലത്തു ധാരാളം റിസോർട്ടുകൾ കണ്ടിരുന്നു. നേരം ഇരുട്ടി തുടങ്ങിയിരുന്നതിനാൽ വൈദ്യുതി വിളക്കുകൾ കൊണ്ട് മനോഹരമായി അലങ്കരിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു. സുമാർ രണ്ടു മണിക്കൂർ യാത്ര കഴിഞ്ഞപ്പോൾ ബസ് കാപ്പി കുടിക്കാനും മൂത്രശങ്ക തീർക്കാനും ഒരു ഹോട്ടലിന് മുന്നിൽ നിറുത്തി. ഒരു ഉയർന്ന പ്രദേശത്തുള്ള ഹോട്ടൽ ആയതിനാൽ, ചുറ്റും നല്ല കാഴ്ചകൾ ഉണ്ടായിരുന്നു. ഇവിടെ നിന്ന് സുമാർ ഒന്നര മണിക്കൂർ യാത്ര ചെയ്താൽ കാഠ്മണ്ടു എത്തും എന്ന് ഡ്രൈവർ അറിയിച്ചു. പറഞ്ഞത് പോലെ രാത്രി 9 മണിക്ക് ഹോട്ടൽ മല്ലയിൽ എത്തി. അവിടെ ഏല്പിച്ചിരുന്ന വലിയ പെട്ടികൾ മുറിയിൽ എത്തിച്ചു. ബാക്പാക്കും ഡഫിൾ ബാഗും തിരിച്ചു കൊടുത്തു. നാട്ടിൽ കൊണ്ട് പോകാൻ സ്ഥലമില്ല. സ്വാദിഷ്ടമായ അത്താഴം കഴിഞ്ഞു കിടന്നുറങ്ങി.

ഇന്ന് സെപ്റ്റംബർ 18.പ്രത്യേകിച്ച് പരിപാടികൾ ഒന്നും ഇല്ലാത്ത ഒരു ഫ്രീ ദിവസം. പ്രഭാത ഭക്ഷണം കഴിഞ്ഞു എല്ലാവരും യാത്ര മംഗളകരമായി പൂർത്തിയാക്കിയതിന്റെ നന്ദി സൂചകമായി, പശുപതി നാഥനെ സന്ദർശിക്കാൻ പോയി. ദർശനം കഴിഞ്ഞു ഗുഹ്യെശ്വരി ക്ഷേത്രത്തിലും ദർശനം നടത്തി.

പിന്നീട് പലരും ഷോപ്പിംഗ് നടത്താൻ പോയി. ഉച്ചക്ക് ഭക്ഷണം കഴിഞ്ഞു ഞങ്ങൾ നടത്തിയ യാത്രയുടെ അവലോകന യോഗം നടന്നു. ഈ യോഗത്തിൽ Touch കൈലാസ് കമ്പനി എന്ന ട്രാവൽ ഏജൻസി ഉടമസ്ഥൻ ശ്രീ ബസു അധികാരിയും മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്തു. എല്ലാവരും തങ്ങളുടെ യാത്രാ അനുഭവങ്ങൾ പങ്കു വെച്ചു. മാത്രവുമല്ല ചില നിർദേശങ്ങൾ, യാത്രികരിൽ ചിലർ ശ്രീ ബസുവിനോട് പറഞ്ഞു. ചൈനീസ് ഗവൺമെന്റ് ഉദ്യോഗസ്ഥർ ആയി ചർച്ച ചെയ്യുമ്പോൾ ഈ നിർദേശങ്ങൾ തീർച്ചയായും അവതരിപ്പിക്കാം എന്ന് പറഞ്ഞു. ഞങ്ങൾ എല്ലാവരും അദ്ദേഹത്തോട് ഈ യാത്ര വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനു നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ഗ്രൂപ്പിലെ മുതിർന്ന അംഗമായ ജയശ്രീ ഓപ്പോൾ, യാത്രികർ എല്ലാവർക്കും, യാത്ര വിജയകരമായി പൂർത്തിയാക്കിയതിന് സർട്ടിഫിക്കറ്റ് നൽകി. ബസു അധികാരി എല്ലാവരെയും ചുവന്ന ഷാൾ പുതപ്പിപ്പിച്ചു. എല്ലാവരും ചേർന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്തു. സന്തോഷത്തോടെ അവരവരുടെ മുറികളിലേക്ക് മടങ്ങി. പിറ്റേന്ന് നാട്ടിലേക്ക് മടക്കം ആണ്. പെട്ടി പാക്ക് ചെയ്യണം. തൂക്കം നോക്കണം. വിമാനം കയറാൻ പോകുമ്പോൾ പ്രശ്നം ഉണ്ടാവരുതല്ലോ.ഏതായാലും ഇവിടെ നിന്ന് ഒന്നും വാങ്ങാത്തതിനാൽ ഞങ്ങളുടെ പെട്ടി ലിമിറ്റിനകത്തു തന്നെ ആയിരുന്നു.

നാളെ കാലത്ത് 6.30 ന് പ്രഭാത ഭക്ഷണം കഴിഞ്ഞു എയർപോർട്ടിലേക്ക് യാത്ര പുറപ്പെടണം. 9.30 നാണ് ബാംഗ്ലൂർക്ക് വിമാനം. അവിടെ നിന്ന് ഉച്ച തിരിഞ്ഞു കൊച്ചിക്കും. രാത്രി 9.30 ന് എത്തും എന്നാണ് പ്രതീക്ഷ. പുറപ്പെട്ട ദിവസം മുതൽ ഇന്ന് വരെ ഉണ്ടായ സംഭവങ്ങൾ സിനിമയിൽ എന്നത് പോലെ മനസ്സിൽ പൊന്തി വന്നു. ഇത് വരെ വേറെ ഏതോ ലോകത്തിൽ ആണ് എന്ന് തോന്നിയിരുന്നു. നാളെ മുതൽ സാധാരണ പോലെ. ഓർക്കുമ്പോൾ സങ്കടം തോന്നി. ഇനി എപ്പോഴാണ് ഇങ്ങനെ ഒരു അവസരം കിട്ടുക. അറിയില്ല. എല്ലാം "അദ്ദേഹം "നിശ്ചയിക്കും. ഇങ്ങനെ ഓർത്ത് എപ്പോഴോ ഉറങ്ങിപ്പോയി.

സെപ്റ്റംബർ 19. ഇന്നാണ് മടക്കയാത്ര. കാലത്ത് 6.30 ന് തന്നെ പ്രഭാത ഭക്ഷണം കഴിച്ചു, ബസിൽ കയറി. കൃത്യ സമയത്ത് തന്നെ എയർപോർട്ടിൽ എത്തി. ഇവിടെ ഇന്റർനാഷണൽ എയർപോർട്ട് ആണെങ്കിലും, നടപടി ക്രമങ്ങൾ വളരെ എളുപ്പം ആയിരുന്നു. സമയത്ത് തന്നെ വിമാനം പുറപ്പെട്ടു. ഞങ്ങളുടെ ഗ്രൂപ്പിൽ കേരളത്തിലേക്ക് ഉള്ളവർ മാത്രം ആണ് ഈ വിമാനത്തിൽ പോന്നത്. ബോംബെ,

ഗോവ പോകുന്നവർ വേറെ വിമാനത്തിൽ ആണ് പോയത്. ഗ്രൂപ്പിൽ ഉണ്ടായിരുന്ന രണ്ടു പേർ കാഠ്മണ്ടുവിൽ തുടർന്നു. രണ്ടു ദിവസം അവിടെ തങ്ങി കാഴ്ചകൾ കണ്ട ശേഷമേ മടങ്ങുന്നുള്ളൂ. വിമാനം സമയത്തു തന്നെ ബാംഗ്ലൂർ എത്തി. വൈകുന്നേരം പുറപ്പെട്ടു, രാത്രി 9.30 ന് കൊച്ചിയിൽ എത്തി. മധുര സ്മരണകളോടെ എല്ലാവരും, മറ്റൊരു യാത്രയിൽ കാണാം എന്ന ശുഭ പ്രതീക്ഷയിൽ അവരവരുടെ വീടുകളിലേക്ക് യാത്രയായി...... ഈ യാത്ര അവസാനിക്കുന്നില്ല... ഇനിയും തുടരും....

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~